# CHURCH WEEKLY

# K.C. Chacko
# 73rd Death Anniversary Special

**September 2020**

*An Ecumenical Publication from*

THE ALWAYE FELLOWSHIP HOUSE

# Church Weekly

Vol. 74
Issue 9
September 2020


Sri K.C. Chacko
*Founder of the Church Weekly*
*(1946)*




*An Ecumenical Publication from*
**THE ALWAYE FELLOWSHIP HOUSE**

*74th Year of Publication*

**FOUNDER CHIEF EDITOR : Sri. N.M. ABRAHAM**
First Published : December 1946



## CHURCH WEEKLY

**C/o The Alwaye Fellowship House**
**Union Christian College P.O.**
**Alwaye - 683 102,**
**Kerala, South India.**
**Ph : 0484-2605630, 2606986**

*E-mail : churchweeklyafh@gmail.com*
*fellowshiphse@gmail.com*
*Chief Editor : mgk.afh@gmail.com*
**Website**
*www.alwayefellowshiphouse.com*



**EDITORIAL BOARD**

**KURUVILLA M. GEORGE IRS (Retd)**
**0484-2603260**
(Chief Editor)
**Prof. ABRAHAM MATHEW**
**Prof. M.T. SARAMMA**
**SANTHOSH OOMMEN**
**Dr. M.I. PUNNOOSE**
**Dr. ANNIE DAVID**
**GEORGE JOSEPH**
**Dr. GEORGE EIPE**
**Dr. VARGHESE JOHN**

**ADVISOR**
**K.V. MAMMEN**

**CIRCULATION MANAGER**
**K.O. ELIAS**
**0484-2606986, 9446718234**


SUBSCRIPTION RATES

| | Inside India |
|---|---|
| Single Issue | ₹ 10.00 |
| Annual | ₹ 100.00 |
| 10 years | ₹ 900.00 |
| Life (Patron) | ₹ 10000.00 |

| | Outside India | |
|---|---|---|
| Annual | ₹ 600.00 | or 10 USD |
| 10 years | ₹ 6000.00 | or 100 USD |
| Life (Patron) | ₹ 60000.00 | or 1000 USD |

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*


***DISCLAIMER***
*The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.*


*Read... Subscribe... Recommend...*

# മഹദ്‌വചനം

*It has been of great use to me when facing difficult situations and trying personal relationships, to remember, that what matters is not the extend of our efforts or contributions, but the complete childlike dependence on the Saviour's promise - My Grace is sufficient for thee. It is my longing that all of us may rest in the love of the Saviour and receive the Holy Spirit's help to continue, in a trustful attitude, co-operating with God in everything, great or small.*

(Excerpts from the prayers and writings of K. C. Chacko.)



## ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| **4** | *Fellowship News* | | |
| **5** | *മുഖമൊഴി* | **കെ.സി. ചാക്കോ സാറിനെ ഓർമ്മിക്കുമ്പോൾ** | |
| **7** | *കെ.സി.സി. സ്മരണ* | **ആ വീരചരമം** | *Editorial, Church Weekly September 21, 1947* |
| **10** | *കെ.സി.സി. സ്മരണ* | **നിശ്ശബ്ദനൈർമ്മല്യം** | *P.K. Alexander Church Weekly, Sept. 15, 1948* |
| **13** | *കെ.സി.സി. സ്മരണ* | **മി. കെ.സി. ചാക്കോ – സുഹൃത് സ്മരണകൾ** | *C.P. Mathew Church Weekly, Sept. 15, 1948* |
| **17** | *കെ.സി.സി. സ്മരണ* | **ശ്രീ കെ.സി. ചാക്കോയുടെ പ്രാർത്ഥനാജീവിതം** | *T.B. Thomas Church Weekly, Sept. 15, 1948* |
| **19** | *ബൈബിൾ ചിന്തകൾ - 95* | **ശുഭതീരമണയുവാൻ** | *Prof. M.Y. Yohannan* |
| **21** | *കെ.സി.സി. സ്മരണ* | **മൂന്നാം ചരമവാർഷികം** | *Editorial, Church Weekly September 17, 1950* |
| **23** | *കെ.സി.സി. സ്മരണ* | **ഒരു വൃദ്ധയുടെ ഓർമ്മച്ചെപ്പിൽ നിന്ന്** | *Aleyamma Varghese* |
| **25** | *K.C.C. Memorial* | **The Late Sri K. C. CHACKO - A Tribute** | *M. Thommen Church Weekly, Oct. 12, 1947* |
| **28** | *K.C.C. Memorial* | **K.C. CHACKO - A Tribute By A Grateful Disciple** | *Deacon K.C. Joseph Church Weekly, Oct. 19, 1947* |
| **30** | *K.C.C. Memorial* | **Sri K.C. Chacko: The Irresistible Influence** | *Dr. Annie David* |
| **31** | *K.C.C. Memorial* | **Prof. K. C. Chacko's experiments with *the truth* and the Union Christian College Fellowship** | *Dr. Raju K. John* |
| **35** | *Last Page* | **ACTUALLY WE DON'T KNOW...** | *M.G. Kuruvilla* |

# "Lead Kindly Light"



**K.C. CHACKO MEMORIAL**
**Annual Retreat**
**At 5 PM**
**on Wednesday,**
**16 September 2020**

The Alwaye Fellowship House remembers its founder Sri K.C. Chacko in a special memorial meeting on the occasion of his 73rd Death Anniversary. Dr. M.I. Punnoose (Bursar & Professor of U.C. College, Aluva) will deliver the Memorial Address. The meeting will be as per Covid protocol, and will be available live on YouTube.



License No. 498 Dated 20-8-1946. Reg. No. T -145


THE CHURCH WEEKLY

VOL. 11 | WEDNESDAY 15TH SEPTEMBER 1948 | PRICE 3 ANNAS PER COPY. | No 40

K. C. CHACKO MEMORIAL NUMBER.

"He is now wholly where all of him but his body has always been."

*Rev. Canon W. E. S. Holland.*



# ആദരാഞ്ജലി

**മലങ്കര ഓർത്തഡോക്സ് സഭയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയിരുന്ന മലങ്കര സഭാ മിഷണറി ജ്യോതിസ് വന്ദ്യ കെ.ഐ. ഫിലിപ്പ് റമ്പാൻ** (കോഴിക്കോട് പുതുപ്പാടി ആശ്രമം) **കർത്താവിൽ നിദ്ര പ്രാപിച്ചു. ആലുവ ഫെലോഷിപ്പ് ഹൗസിന്റെ കെ. സി. ചാക്കോ മെമ്മോറിയൽ എക്യുമെനിക്കൽ അവാർഡ് ജേതാവാണ്.**

(കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ)

• മുഖമൊഴി •



# കെ.സി. ചാക്കോ സാറിനെ ഓർമ്മിക്കുമ്പോൾ

ആലുവ ഫെലോഷിപ്പ് ഹൗസിന്റെ സ്ഥാപനത്തിനു കാരണഭൂതനായ കെ.സി. ചാക്കോ സാർ 1947 സെപ്റ്റംബർ 15-ന് ഐഹിക ജീവിതത്തിൽ നിന്നു വിടവാങ്ങി. സ്വതന്ത്രഭാരതത്തിന് ഒരു മാസം പ്രായമായപ്പോഴാണ് കർത്തവ്യനിരതനായ സ്മര്യപുരുഷൻ യാത്രയായത്. ആലുവ യു.സി കോളജിന്റെ സ്ഥാപകരിൽ പ്രമുഖനായ ചാക്കോസാറിന്റെ പ്രേരണയിൽ ഉയർന്നുവന്ന സ്ഥാപനങ്ങളാണ് ആലുവ സെറ്റിൽമെന്റ് സ്കൂൾ, മഹിളാലയം സ്കൂൾ, റൂറൽ മെഡിക്കൽ മിഷൻ, കോയമ്പത്തൂർ തടാകം ക്രിസ്തശിഷ്യാശ്രമം എന്നിവ.


കാലാകാലങ്ങളായി, മൂന്നുദിനം നീണ്ടുനിൽക്കുന്ന വാർഷിക ധ്യാനപരിപാടികളോടെയാണ് അദ്ദേഹത്തിന്റെ ചരമവാർഷികം ഫെലോഷിപ്പ് ഹൗസ് ആചരിച്ചിരുന്നത്. ധ്യാനപ്രസംഗങ്ങളും മതസൗഹാർദ്ദസമ്മേളനങ്ങളും ഭരണസമിതികളുടെ വാർഷികയോഗങ്ങളും കോളജ് ഹിൽ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ അനുസ്മരണാശുശ്രൂഷകളും മുടങ്ങാതെ നടന്നുവന്നിരുന്നു. 2013 മുതൽ, സാമൂഹ്യമണ്ഡലത്തിൽ ജാതിമതഭേദമെന്യേ ഗണ്യമായ സംഭാവനകൾ നൽകുന്ന മഹൽവ്യക്തികൾക്ക് കെ.സി. ചാക്കോ മെമ്മോറിയൽ അവാർഡ് നൽകിവരുന്നു. 2017 മുതൽ, യു.സി. കോളജ് ചാപ്പലിലെ അനുസ്മരണ ചടങ്ങുകളോടെയാണ് ചരമവാർഷികപരിപാടികൾക്ക് തിരശ്ശീല വീണിരുന്നത്. ഈ വർഷം, കൊറോണാബാധ മൂലം പതിവു കാര്യപരിപാടികൾക്ക് അൽപ്പം അസൗകര്യം ഉണ്ടായിട്ടുണ്ടെങ്കിലും ആയത് ചാക്കോസാറിന്റെ സമഗ്ര സംഭാവനകൾക്കോ മഹനീയമായ ഓർമ്മയ്ക്കോ മങ്ങലേൽപ്പിക്കുന്നില്ല.

യു.സി. കോളജിൽനിന്ന് 1943-ൽ റിട്ടയർ ചെയ്തതിനുശേഷം അദ്ദേഹം താമസിച്ചിരുന്ന ചാക്കോ ഗാർഡൻസാണ് ഫെലോഷിപ്പ് ഹൗസിന്റെ ആസ്ഥാനം. ക്രിസ്തുവിന്റെ സ്നേഹത്തിൽ എല്ലാവരും ഒരുമിച്ചുകൂടുന്ന ഒരു പൊതുവേദി ഉയർന്നുവരണമെന്ന അദ്ദേഹത്തിന്റെ സ്വപ്നമാണ് ഫെലോഷിപ്പ് ഹൗസിന്റെ സ്ഥാപനത്തോടെ യാഥാർഥ്യമായത്. അതുകൊണ്ട് 'ഫെലോഷിപ്പ് ഹൗസിന്റെ സ്ഥാപകൻ' എന്നാണ് ആദ്യകാല റിപ്പോർട്ടുകളിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. അതൊരു പ്രസ്ഥാനമായി വളർത്തുന്നതിൽ പ്രധാന പങ്കു വഹിച്ചത് അദ്ദേഹത്തിന്റെ പ്രിയ ശിഷ്യരും സഹപ്രവർത്തകരുമായിരുന്ന എം. തൊമ്മൻ, എൻ.എം ഏബ്രഹാം, പി.സി. കുര്യൻ എന്നിവരുടെ നേതൃത്വത്തിലുള്ള സുഹൃദ്വലയമാണ്. അതിനുശേഷം നാളിതുവരെയുള്ള വളർച്ചയിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, എൻ.പി.ഏബ്രഹാം, ഡോ. കെ.സി. മാമ്മൻ എന്നിങ്ങനെ അനേകം പ്രമുഖ വ്യക്തികളുടെ അർപ്പണവും സഹകരണവും നേതൃത്വവും ലഭിച്ചിട്ടുണ്ട്. ഇന്ന്, ആദായനികുതിവകുപ്പിന്റെ 80G അംഗീകാരമുള്ള ഒരു പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആയി ഫെലോഷിപ്പ് ഹൗസ് പ്രവർത്തിച്ചുവരുന്നു. ചാക്കോ സാറിന്റെ ജീവിതകാലത്തുതന്നെ ആരംഭിച്ച ചർച്ച് വീക്കിലി, ചാക്കോ സാർ താമസിച്ചിരുന്ന കെ.സി.സി. കോട്ടേജ് എന്ന ധ്യാനമന്ദിരം, 1998-ൽ രൂപംകൊണ്ട ചാക്കോ ഹോംസ് എന്ന സീനിയർ സിറ്റിസൻസ് ഹോം, യുവാക്കളുടെയും വിദ്യാർത്ഥികളുടെയും വികസനത്തിനുവേണ്ടി തയ്യാറാക്കിയ എച്ച്.ആർ.ഡി. സെന്റർ എന്നിവ ഫെലോഷിപ്പ് ഹൗസിന്റെ പ്രവർത്തനങ്ങളിൽ പ്രധാന സ്ഥാനം അലങ്കരിക്കുന്നു.

വിപുലമായ കുടുംബബന്ധങ്ങളുള്ള പ്രഗത്ഭർപോലും കാലചക്രത്തിരിവിൽ വിസ്മരിക്കപ്പെടുന്ന ഇക്കാലത്ത്, "സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് എന്റെ മാതാവും സഹോദരങ്ങളും" എന്നരുളിച്ചെയ്ത തന്റെ നാഥനെപ്പോലെ സമൂഹത്തെ സ്വന്തം കുടുംബമായി

കരുതി വരുംതലമുറയ്ക്കുവേണ്ടി ജീവിതം മാറ്റിവെച്ച ചാക്കോസാറിനെ നാമിന്ന് ഓർമ്മിക്കുന്നതിനു കാരണം ആ ധന്യജീവിതമാണ്. കൊറോണയുടെ താണ്ഡവത്തിനിടയിൽ ഫെലോഷിപ്പ് ഹൗസിലും ചാക്കോ ഹോംസിലുമുള്ളവർ സുരക്ഷിതരായി കഴിയുന്നത് അദ്ദേഹത്തിന്റെയും പിൻഗാമികളുടെയും പ്രാർത്ഥനാകവചത്തിലാണെന്ന് സധൈര്യം പറയാൻ കഴിയും.

സാധാരണയായി ചർച്ച് വീക്കിലി സെപ്റ്റംബർ ലക്കം ചാക്കോ സാറിന്റെ ദീപ്തസ്മരണകൾക്കായി നാം മാറ്റിവെക്കാറുണ്ട്. ഈ വർഷത്തെ പ്രത്യേകത, ചർച്ച് വീക്കിലിയുടെ ആരംഭഘട്ടത്തിൽ അടുത്ത സുഹൃത്തുക്കളും സഹപ്രവർത്തകരും അദ്ദേഹത്തെപ്പറ്റി എഴുതിയിട്ടുള്ള ലേഖനങ്ങളും മുഖപ്രസംഗങ്ങളും തെരഞ്ഞെടുത്ത് ഈ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. ആയത്, ചാക്കോസാറിനും അദ്ദേഹത്തോടൊപ്പം നിന്നവർക്കുമുള്ള ആദരാഞ്ജലിയായി സമർപ്പിക്കുന്നു. അവരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.



## പ്രണാബ് കുമാർ മുഖർജി

ഭാരത രാഷ്ട്രീയത്തിലെ അതികായനായിരുന്ന പ്രണാബ്ദാ വിടവാങ്ങി. അദ്ദേഹത്തിന്റെ ധന്യസ്മരണയിൽ ആലുവ ഫെലോഷിപ്പ് ഹൗസിന്റെയും ചാക്കോഹോംസിന്റെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഭാരതീയ ജനതാ പാർട്ടിക്ക് അടൽ ബിഹാരി വാജ്പേയ് എന്നതുപോലെ, കോൺഗ്രസ് പാർട്ടിക്ക് എന്നും അഭിമാനിക്കാവുന്ന മഹൽവ്യക്തിയായിരുന്നു പ്രണാബ്. ഇവർ രണ്ടുപേരും സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിന് അതീതമായി സർവ്വാദരണീയരായ വ്യക്തികളായിരുന്നു. വാജ്പേയ് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നുവെങ്കിൽ പ്രണാബ് ഇന്ത്യൻ പ്രസിഡണ്ട് ആയിരുന്നു എന്നു നമുക്കറിയാം. പ്രധാനമന്ത്രിയാണ് ഭരണചക്രം തിരിക്കുന്നതെങ്കിലും, രാഷ്ട്രത്തിന്റെ മുഖമുദ്ര, അല്ലെങ്കിൽ കിരീടം അഥവാ കിരീടത്തിലെ രത്നം എന്നു പറയുന്നത് പ്രസിഡണ്ടാണ്. അതുകൊണ്ട് നാം അദ്ദേഹത്തെ 'പ്രഥമപൗരൻ' എന്നു വിളിക്കുന്നു. അതിനു പ്രണാബ് സർവ്വഥാ യോഗ്യനായിരുന്നു. ഫെലോഷിപ്പ് ഹൗസിന്റെ സ്ഥാപകനായ കെ.സി. ചാക്കോ സാറിന്റെ സഹപാഠിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ, കേരളത്തിന്റെ അഭിമാനമായിരുന്ന കെ.ആർ. നാരായണൻ, ശാസ്ത്രരംഗത്തെ അതികായനായിരുന്ന ഡോ. അബ്ദുൽ കലാം മുതലായി പ്രഗത്ഭരായ മുൻ പ്രസിഡണ്ടുമാരുടെ നിരയിൽ മികച്ച നയതന്ത്രജ്ഞനായിരുന്ന പ്രണാബും എണ്ണപ്പെടുന്നു.

ഈ യാത്രയിലെവിടെയോ കോൺഗ്രസ് പാർട്ടിക്കു തെറ്റി. ഡോ. മൻമോഹൻസിങ് ഇന്ത്യൻ പ്രസിഡണ്ടും പ്രണാബ്ജി പ്രധാനമന്ത്രിയുമായിരുന്നെങ്കിൽ ഭാരതചരിത്രവും കോൺഗ്രസ് പാർട്ടിയുടെ ജാതകവും വേറൊന്നാകുമായിരുന്നു. നേതൃബാഹുല്യത്തിലും "വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാനില്ലത്ര" എന്ന നിലയിൽ കഴിയുന്ന കോൺഗ്രസ് പാർട്ടിക്ക് പ്രണാബിനെപ്പോലെ ഒരു നേതാവിനെയാണാവശ്യം. അത്, നഷ്ടപ്രതാപങ്ങളുടെ ഗതകാലസ്മരണയിൽ കഴിയുന്ന പാർട്ടിക്ക് ഇന്ന് അപ്രാപ്തമായിരിക്കുന്നു. രാഷ്ട്രീയത്തിൽ മത്സരങ്ങൾ ഒഴിവാക്കാനാവില്ല; പക്ഷേ അധികാരത്തിലെത്തിക്കഴിഞ്ഞാൽ എല്ലാവരെയും ഒരുപോലെ കാണാനുള്ള കഴിവും താൽപ്പര്യവും അധികമാർക്കും കാണുന്നില്ല. അവിടെയാണ് പ്രണാബ്ജിയെപ്പോലുള്ളവർ വേറിട്ടു നിൽക്കുന്നത്. കഴിഞ്ഞ മൂന്നു ദശകങ്ങളിൽ കക്ഷിമത്സരങ്ങളും അധികാരവടംവലികളും കാരണം കോൺഗ്രസ് നൗക ആടി ഉലഞ്ഞപ്പോഴെല്ലാം തന്റെ പക്വമായ തീരുമാനങ്ങളും ധീരമായ ഇടപെടലുകളും കൊണ്ട് രക്ഷകനായി നിന്നിരുന്ന സർവ്വസമ്മതനായ പ്രണാബ്ജിയുടെ വേർപാട് ഭാരതരാഷ്ട്രീയരംഗത്ത് നികത്താനാവാത്ത വിടവാണ് സംജാതമാക്കിയിരിക്കുന്നത്. ◎

ശ്രീ കെ.സി. ചാക്കോ
1947 സെപ്തംബർ 15-ന് ദിവംഗതനായി.
1947 സെപ്തംബർ 21-ന്
ചർച്ച് വീക്കിലിയിൽ വന്ന മുഖപ്രസംഗം



# ആ വീരചരമം

ഇക്കഴിഞ്ഞ തിങ്കളാഴ്ച തിരുവനനന്തപുരത്ത് വച്ച് പെട്ടെന്ന് ദിവംഗതനായ മിസ്റ്റർ കെ.സി. ചാക്കോയുടെ വിയോഗം മലങ്കര സുറിയാനി സമുദായത്തിനെന്നല്ല, ദക്ഷിണേന്ത്യൻ ക്രൈസ്തവലോകത്തിന് അത്യന്തം മർമ്മഭേദകവും അപരിഹാര്യവുമായ മഹാനഷ്ടമാണ്. പ്രത്യേകിച്ച്, "ചർച്ച് വീക്കിലി" വാരികയ്ക്ക്, ഈ മഹാപുരുഷനോട് അന്യാദ്രുശമായ പുത്രബന്ധമാണുണ്ടായിരുന്നത് എന്ന കാരണത്താൽ, അദ്ദേഹത്തിന്റെ ചരമം ചർച്ച് വീക്കിലിയെ സംബന്ധിച്ചിടത്തോളം ദുസ്സഹമാംവണ്ണം ദുഃഖകരമാണ്. മി. കെ.സി. ചാക്കോയുടെ ദീർഘകാലത്തെ ആഗ്രഹത്തിന്റെയും പ്രാർത്ഥനാപൂർവ്വമായ പരിശ്രമങ്ങളുടെയും പരിണതഫലമായിട്ടാണ് ചർച്ച് വീക്കിലി ആവിർഭവിക്കാൻ തന്നെ ഇടയായിട്ടുള്ളത്. ഇങ്ങനെയൊരു പ്രസിദ്ധീകരണത്തിന്റെ ആവശ്യകതയെയും അതുകൊണ്ട് ഉണ്ടാകാവുന്ന നിസ്സീമമായ പ്രയോജനസാദ്ധ്യതകളെയും അദ്ദേഹം ദീർഘകാലം മനോദർശനം ചെയ്തിരുന്നു. ആദ്ധ്യാത്മികമായും സാമൂഹ്യമായും ഈ രാജ്യത്ത് ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തനം നടത്തിപ്പോന്ന അനേകം സേവനപ്രസ്ഥാനങ്ങളുടെ ചൈതന്യകേന്ദ്രമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ത്യാഗനിർഭരമായ ആദർശങ്ങളുടെ ഒരു വിനീത പ്രകാശനമാർഗ്ഗമായിട്ടാണ് ചർച്ച് വീക്കിലി രംഗപ്രവേശം ചെയ്തത്. തന്റെ സ്വന്തവ്യക്തിത്വത്തെ ഈ പ്രസിദ്ധീകരണത്തിന്റെ വെളിച്ചത്തിൽനിന്ന് അദ്ദേഹം എത്രമാത്രം പിന്മാറ്റി ഒതുക്കി നിർത്തിയിരുന്നു! മി. കെ.സി. ചാക്കോയുടെ പ്രോത്സാഹനവും സാരതരമായ സഹായസഹകരണങ്ങളും ഇല്ലായിരുന്നുവെന്നുവരികിൽ ചർച്ച് വീക്കിലി ആവിർഭവിക്കുമായിരുന്നുവോ എന്നകാര്യം സംശയമാണ്. ഏതായാലും ഈ അടുത്ത കാലത്തൊന്നും ഇത് ഉത്ഭവിക്കാനിടയില്ലായിരുന്നു എന്ന സംഗതി നിർവിവാദമായിത്തന്നെ പറയാം.

മലങ്കരസുറിയാനി സഭയിലെ രണ്ടു കക്ഷികൾ തമ്മിൽ ഒരു സംയോജനവ്യവസ്ഥിതിയുണ്ടാക്കുന്നതിനുള്ള അന്തിമശ്രമത്തിലാണല്ലോ ആ പുണ്യാത്മാവിനെ ദൈവം നിത്യവിശ്രമത്തിലേക്ക് വിളിക്കുകയുണ്ടായത്. ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അടങ്ങാത്ത തൃഷ്ണയുടെ മാനസിക പശ്ചാത്തലം ഈ അവസരത്തിൽ സ്വൽപ്പം വിശദീകരിക്കുന്നത് വിജ്ഞാനപ്രദമായിരിക്കും. പരേതനായ മി. കെ.സി. ചാക്കോയുടെ ആദ്ധ്യാത്മിക ജീവിത ചിന്താഗതിയെപ്പറ്റി പറയാനുള്ള അതിപ്രധാനമായ ഒരു സംഗതി, അദ്ദേഹത്തിന്റെ ദർശനപരിധിയുടെ വ്യാപ്തിയാണ്. നേതാക്കന്മാരിൽ ഭേദപ്പെട്ട പലർ പോലും ചെയ്യാറുള്ളതുപോലെ സങ്കുചിത പരിധികളിൽ ഒരിക്കലും അദ്ദേഹം ചിന്തിച്ചിരുന്നില്ല. അതിവിശാലമായ ഒരേയൊരു ചിന്താമണ്ഡലത്തിലാണ് അദ്ദേഹം ജീവിച്ചത്. ഇന്ത്യയിലെങ്ങുമുള്ള ക്രിസ്ത്യേതര ജനസമുദായങ്ങളെ യേശുക്രിസ്തുവിന്റെ നിത്യജീവപ്രദായകമായ സുവിശേഷവെളിച്ചത്തിലേക്കു കൊണ്ടുവരണം; നിസ്തുലമഹനീയമായ ഈ ലക്ഷ്യപ്രാ

പ്തിയ്ക്ക് മലങ്കരയുള്ള ക്രൈസ്തവസഭാവിഭാഗങ്ങൾ ഒരു മുഖാന്തിരമായിത്തീരണം. വിവിധ സമുദായങ്ങൾ തമ്മിൽ അപ്രധാന കാര്യങ്ങളിലുള്ള ഭിന്നതയും മാത്സര്യങ്ങളും പരമോൽക്കൃഷ്ടമായ ഈ കൃത്യനിർവഹണത്തിന് ഒരു പ്രതിബന്ധമാണെന്ന് അദ്ദേഹം മനസ്സിലാക്കി. സഭകൾ തമ്മിൽ മൗലിക കാര്യങ്ങളിലുള്ള അഭിപ്രായയോജ്യതയെ അടിസ്ഥാനമാക്കി ഒരു സഹകരണ വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനായി ദീർഘദൃഷ്ടിയായ ആ മഹാത്മാവ് തന്റെ സകല കഴിവുകളും വിനിയോഗിച്ചു. അതിനുവേണ്ടി അശ്രാന്ത പരിശ്രമം ചെയ്തു. യേശുക്രിസ്തുവിനുവേണ്ടി കഷ്ടപ്പാടുകൾ സഹിക്കുന്നതിനുള്ള സന്നദ്ധത, യേശുക്രിസ്തുവിനെക്കൊണ്ടുള്ള ആവശ്യകത, അതിനുമാത്രമേ മനുഷ്യജീവിതത്തെ രക്ഷപ്പെടുത്തുന്നതിനുള്ള കഴിവുള്ളൂ എന്ന് അദ്ദേഹം സമ്പൂർണ്ണ സുദൃഢമായി വിശ്വസിച്ചിരുന്നു. അദ്ദേഹത്തിന്റെ വിശ്വാസപ്രമാണത്തിലെ തമൈകകേന്ദ്രം അതായിരുന്നു. ആ ഒരു ആണിക്കല്ലിനെ ചുറ്റിയാണ് അദ്ദേഹത്തിന്റെ സകല ആശയങ്ങളും വ്യാപരിച്ചിരുന്നത്. യേശുക്രിസ്തുവിൽ മാത്രമേ ഇന്ത്യാമഹാരാജ്യത്തിനും യുദ്ധക്ലേശങ്ങൾ കൊണ്ട് പരിക്ഷീണയായ ഈ ലോകത്തിന് പൊതുവെയും അന്തിമരക്ഷയുള്ളൂവെന്ന് അദ്ദേഹം അസന്ദിഗ്ദ്ധമായി വിശ്വസിച്ചു. അതിനാൽ ഇന്ത്യയെ യേശുക്രിസ്തുവിങ്കലേക്ക് നയിക്കേണ്ടത് മലങ്കരസഭയുടെ അവകാശവും പദവിയുമാണ്. അതിന് വിഘാതമായി നിൽക്കുന്ന അനൈക്യതയെ ഉന്മൂലനം ചെയ്യണം. ഇതായിരുന്നു ചുരുക്കത്തിൽ അദ്ദേഹത്തിന്റെ വിശാലമോഹനമായ ആദർശലക്ഷ്യത്തിന്റെ രഹസ്യം.

അതിനുവേണ്ടി അദ്ദേഹം ജീവിച്ചു, മരിച്ചു. ഇന്നാട്ടിലുള്ള ക്രൈസ്തവ സഭാവിഭാഗങ്ങൾ തമ്മിൽ യോജിക്കേണ്ടത്, അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ, ഭൗതികമോ രാഷ്ട്രീയമോ ആയ പ്രയോജനങ്ങൾക്കു വേണ്ടിയല്ല, പ്രത്യുത, ഇന്ത്യയെ ക്രിസ്തീയ സുവിശേഷവെളിച്ചത്തിലേക്കു നയിക്കാൻ മാത്രം! അതിൽക്കുറഞ്ഞ യാതൊരു ദർശനത്തിനും അദ്ദേഹം തെല്ലും വില കൽപ്പിച്ചിരുന്നില്ല. ക്രിസ്ത്യേതര ഭാരതത്തെ ക്രിസ്തീയമാക്കിത്തീർക്കണം; അതൊന്നുമാത്രമാണ് ക്രിസ്തീയവ്യക്തികളുടെയും സഭകളുടെയും പരമോൽക്കൃഷ്ടമായ ധർമ്മമെന്ന് മി. ചാക്കോ അചഞ്ചലമായി വിശ്വസിച്ചു. വിശേഷിച്ച് ഇന്നത്തെ പരിതസ്ഥിതിയിൽ യാക്കോബായ സഭയിലെ ഉഭയകക്ഷികൾ തമ്മിലുള്ള വിവാദത്തിന് അനുരഞ്ജകമായ ഒരു തീരുമാനമുണ്ടാക്കേണ്ടത് പൂർവ്വാധികം അടിയന്തിരമായ ഒരു ആവശ്യമാണെന്ന് അദ്ദേഹത്തിന് ദൃഢബോധ്യമായി. എന്തുകൊണ്ടെന്നാൽ ഈ സെപ്തംബർ മാസം 28-ാം തീയതിയോടുകൂടി "ദി ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ" ഒരു അനുഭവയാഥാർത്ഥ്യമായി പരിണമിക്കുകയാണല്ലോ. തിരുവിതാംകൂർ കൊച്ചി ആംഗ്ലിക്കൻ മഹായിടവക ഈ ദക്ഷിണേന്ത്യൻ സഭാസംയോജനത്തിൽ ലയിക്കുന്നതിന്റെ ഫലമായുണ്ടാകാവുന്ന വികാര ഭാവാന്തരങ്ങൾ തിരുവിതാംകൂർ-കൊച്ചി ആംഗ്ലിക്കൻ സഭയും ഇവിടത്തെ യാക്കോബായ സഭയും മാർത്തോമ്മാ സഭയും തമ്മിലുള്ള ഐക്യപദ്ധതിയെ കൂടുതൽ ദുഷ്ക്കരമാക്കിച്ചെയ്യാനിടയുണ്ടെന്നുള്ള പരമാർത്ഥം നേരത്തെ മനസ്സിലാക്കിയ മി. കെ.സി. ചാക്കോ അക്കാരണത്താൽ ദക്ഷിണേന്ത്യൻ സഭാസംയോജനപദ്ധതിയിൽ നിന്ന് കുറഞ്ഞപക്ഷം കുറേക്കാലത്തേക്കെങ്കിലും തിരുവിതാംകൂർ-കൊച്ചി ആംഗ്ലിക്കൻ മഹായിടവകയെ ഒഴിവാക്കി നിർത്തണമെന്ന് കാണിച്ച് ശക്തിമത്തായ അഭ്യർത്ഥനക്കത്തുകൾ ബിഷപ്പ് വെസ്റ്റ്കോട്ട് തിരുമേനി തുടങ്ങിയ നേതൃസ്ഥാനങ്ങളിലേക്ക് അയച്ചുവെങ്കിലും നിർഭാഗ്യവശാൽ അപ്പോഴേക്ക് അതു സംബന്ധിച്ച സജ്ജീകരണങ്ങളെല്ലാം

പൂർത്തിയായിക്കഴിഞ്ഞിരുന്നതിനാൽ ആ ശ്രമം ഫലിച്ചില്ലെന്നേയുള്ളൂ. എഴുത്തുകുത്തിൽ വന്ന സ്വൽപ്പ കാലതാമസം കൊണ്ട് ആ ശ്രമം ഫലപ്രാപ്തിയിലെത്താതെ പോയതാണ്. പോരെങ്കിൽ, യാക്കോബായസഭയിലെ ഇന്നത്തെ ഒഴുക്കുകളും അടിയൊഴുക്കുകളും കാണുന്ന യാതൊരുവനും ബോദ്ധ്യമാകുന്ന ഒരു സംഗതി ഇതാണ്. ഇനി ഏതാനും ദശവർഷക്കാലത്തേക്ക് സഭാപുനരൈക്യത്തെപ്പറ്റി ചിന്തിക്കാനുള്ള വിവേകപരിപക്വതയോ ദീർഘദൃഷ്ടിയോ നമ്മുടെ സഭയ്ക്ക് ഇനിയും ലഭിച്ചിട്ടില്ല തന്നെ. അതാണതിന്റെ വ്യസനകരമായ പരമാർത്ഥം. മി. കെ.സി. ചാക്കോയുടെ ആദ്ധ്യാത്മിക ദിവ്യദൃഷ്ടി ഈ ദുരവസ്ഥയെ ശരിക്ക് അപഗ്രഥനം ചെയ്ത് കണ്ടുപിടിച്ചിരുന്നു. അതുകൊണ്ടാണ് സഭൈക്യത്തിനുവേണ്ടി അദ്ദേഹം ഇത്ര വെമ്പൽ കൊണ്ടത്. തന്റെ ആരോഗ്യനിഷ്ഠകൾ എല്ലാം അതിലംഘിച്ച് അനാരോഗ്യവാനായ ആ ബലഹീനഗാത്രൻ അതിനുവേണ്ടി തീവ്രയത്നം ചെയ്തു. ആ മഹായജ്ഞത്തിന്റെ കർമ്മപീഠത്തിൽത്തന്നെ അദ്ദേഹം ദേഹപരിത്യാഗം അനുഷ്ഠിക്കുകയും ചെയ്തു. മലങ്കരസഭയ്ക്കും ക്രിസ്ത്യേതരഭാരതത്തിനും വേണ്ടിയാണദ്ദേഹം ഈ മഹാത്യാഗം അനുഷ്ഠിച്ചത്. നിരീശ്വരത്വത്തിന്റെ ചെങ്കൊടി പിടിച്ചുകൊണ്ടുള്ള കമ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയെ വിഴുങ്ങാൻ വാ പിളർന്നുകൊണ്ട് മുന്നോട്ട് പാഞ്ഞുവരുന്ന കാഴ്ച ആ ക്രിസ്തുഭക്തനെ അമ്പരപ്പിച്ചു. നിരീശ്വരത്വത്തിന്റെ തിരമാലകൾ ഇന്ത്യയെ മൂടുന്നതിനുമുമ്പ് ക്രിസ്തുമതത്തിന്റെ രക്ഷാനൗകയിലേക്ക് ഇന്ത്യയെ വലിച്ചടുപ്പിക്കാൻ വേണ്ടിയാണദ്ദേഹം ഉഴറിയോടിയത്. ആസന്നമായ ഈ അത്യാപത്തിന്റെ ഭയാനകതയും, അതിൽനിന്ന് യേശുക്രിസ്തുവിന്റെ സന്നിധിയിലേക്ക് ഇന്ത്യയെ രക്ഷപ്പെടുത്തി നയിക്കേണ്ട അടിയന്തിരാവശ്യകതയും അദ്ദേഹത്തിന്റെ അന്തക്കരണത്തെയും കർത്തവ്യബോധത്തെയും തീ പിടിപ്പിച്ചു. പ്രസ്തുത അഗ്നിജ്വാലകളുടെ ചൂട് ആ മഹാനുഭാവനുമായി അടുത്ത സകലരിലേക്കും വീശി സംക്രമിച്ചു. നമ്മുടെ സങ്കുചിതതാൽപ്പര്യങ്ങളിൽനിന്നും മാത്സര്യങ്ങളിൽനിന്നും വളരെ ദൂരത്തിലേക്ക് കണ്ണുപായിക്കാൻ ദൈവം അദ്ദേഹത്തിന് കഴിവു നൽകി. നിസ്സാരങ്ങളായ അഭിപ്രായവ്യത്യാസങ്ങളുടെ താഴ്വരകളിൽ നിന്ന് ക്രിസ്ത്യേതരഭാരതത്തെ ക്രിസ്തീയഭാരതമാക്കി രൂപാന്തരപ്പെടുത്തുക എന്ന അത്യുജ്ജ്വലമായ കർത്തവ്യഭാഗധേയങ്ങളുടെ ഉത്തുംഗശൃംഗങ്ങളിലേക്ക് അദ്ദേഹം കണ്ണുയർത്തി. ആ ആദർശ സാക്ഷാൽക്കാരത്തിന്റെ വശ്യശക്തിക്ക് അദ്ദേഹം സ്വയം ആത്മാർപ്പണം ചെയ്തു. അദ്ദേഹത്തിന്റെ സഭാപുനരൈക്യശ്രമങ്ങളുടെയും, യൂണിയൻ കോളേജ് മുതലായ സ്ഥാപനങ്ങളുടെയും മാനസികപശ്ചാത്തലം അതാണ്. അതാണ് നമ്മെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പരമോൽക്കൃഷ്ടമായ ലക്ഷ്യമെന്ന് മനസ്സിലാക്കിയ അവിടുന്ന് തന്റെ സർവസ്വവും, ജീവിതവും ജീവനും ആ ദിവ്യ ലക്ഷ്യത്തിന്റെ മുമ്പാകെ കാണിക്കയിട്ടു. ദൈവം തന്റെ ഉദ്ദേശ്യപ്രാപ്തിക്കായി സംവിധാനം ചെയ്ത പരിപാടിയിൽ ആ താപസ ശ്രേഷ്ഠൻ സർവാത്മനാ സഹകരിക്കുന്ന ഒരു സന്നദ്ധഭടനായി സ്വയം ഏൽപ്പിച്ചുകൊടുത്തു. ദൈവോദ്ദേശ്യനിർവഹണത്തിനു വേണ്ടിയുള്ള നിരുപാധികമായ ഈദൃശസഹകരണ സന്നദ്ധത, പരിപൂർണ്ണമായ ആത്മാർപ്പണമാതൃക, നമുക്ക് - വ്യക്തികൾക്കും സമുദായങ്ങൾക്കും - നമ്മുടെ ധർമ്മനിർവഹണത്തിൽ ശാശ്വതപ്രേരണയും ഉത്തേജനവും നേതൃത്വവും മാർഗ്ഗദർശനവും നൽകട്ടെ. മി. കെ.സി. ചാക്കോ ഏതൊരാദർശത്തിനുവേണ്ടി ജീവിച്ചു, മരിച്ചു, ആ ആദർശസാഫല്യം ആ പാവനനാമത്തിന്റെ നിത്യസ്മാരകമായിട്ട് വിജയിക്കട്ടെ എന്നാണ്, ഈ സന്താപസന്ദർഭത്തിൽ ഞങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന. ◎



1948 സെപ്തംബർ 15-ന് ചർച്ച് വീക്കിലിയിൽ
**ശ്രീ പി.കെ. അലക്സാണ്ടർ** എം.എ.
എഴുതിയ ലേഖനം

# നിശ്ശബ്ദനൈർമ്മല്യം

## പ്രസംഗഘോഷമുണ്ടാക്കിയില്ല, ലേഖനമെഴുതിയില്ല, ഗ്രന്ഥം രചിച്ചില്ല

എങ്കിലും താൻ കൈകൊണ്ടു തൊട്ടതൊക്കെ ആത്മീയ സ്വർണ്ണമാക്കി രൂപാന്തരപ്പെടുത്തിയ ആ ആദ്ധ്യാത്മിക തേജപുഞ്ജം - യശഃശരീരനായ ശ്രീ കെ.സി. ചാക്കോ

മനുഷ്യരാശിയുടെ ചരിത്രത്തിൽ ചുരുക്കം ചില തലമുറകളിൽ മാത്രം, എങ്ങുനിന്നോ ചില മഹാവ്യക്തികൾ ഉദിച്ചുയരുകയും, അവരുടെ അതിശക്തമായ വ്യക്തിമാഹാത്മ്യത്തിന്റെ ഘർഷണം ഹേതുവാൽ മനുഷ്യവംശത്തെ ഒന്നാകെ ഒരു നവീന പന്ഥാവിലേയ്ക്കു അവരറിയാതെ മാറ്റുകയും ചെയ്യുന്ന സന്ദർഭങ്ങൾ തുലോം വിരളമല്ല. നാം അധിവസിക്കുന്ന ഭൂമണ്ഡലത്തിന്റെ ചരിത്രവും ഏതാണ്ടിതു തന്നെയാണല്ലോ. അതിദൂരമായ ഏതോ ഒരു കാലഘട്ടത്തിൽ നഭോമണ്ഡലത്തിൽ ആവിർഭവിച്ച ഒരു മഹാനക്ഷത്രത്തിന്റെ ആകർഷണപരിധിക്കുള്ളിൽ സൂര്യഗോളം അകപ്പെട്ടുപോകയും, അതിന്റെ അപ്രമേയമായ ശക്തിക്കധീനമായി ചില സംഭവവികാസങ്ങൾ ഉണ്ടാകയും ചെയ്തതിന്റെ പരിണിതഫലമാണല്ലോ ഇന്നത്തെ സൗരയൂഥം തന്നെ. രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പു മാനവവംശത്തിന്റെ ചരിത്രത്തിൽ ഇതുപോലെ സംഭവിച്ച ഒരു മഹാപരിവർത്തനത്തിന്റെ അനന്തരഫലമാണ് നാം ഇന്നാസ്വദിക്കുന്ന സംസ്ക്കാരവും. പുരോഗമനപരവും പ്രതിലോമപരവുമായ ഭിന്നശക്തികളുടെ മദ്ധ്യത്തിൽ കിടന്ന് നട്ടംതിരിയുന്ന മനുഷ്യർ പലപ്പോഴും നിരാശരായി ആയുധം താഴെവച്ച് പരാജയം സ്വീകരിക്കുവാൻ സന്നദ്ധരായിത്തീരാറുണ്ട്. ആ അവസരങ്ങളിലെല്ലാം പുതിയ വെളിച്ചത്തോടും തുളുമ്പുന്ന പ്രസരിപ്പോടും കൂടെ അവരുടെ മദ്ധ്യത്തിൽ ആവിർഭവിച്ച്, മോഹനങ്ങളായ പ്രതീക്ഷകളും അടിയുറച്ച ധൈര്യവും വീണ്ടും അവരുടെ അന്തരാത്മാവിൽ കൊളുത്തി പഴയ ലക്ഷ്യത്തിലേക്കു തിരിച്ചുവിടുവാൻ അതതുകാലങ്ങളിൽ ഓരോ മഹാത്മാക്കൾ ജന്മമെടുക്കാറുണ്ട്. ആ വിധത്തിൽ ഒരു പുതിയ വെളിച്ചവുമായി നമ്മുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ട ഒരുജ്ജ്വല താരമായിരുന്നു മി. കെ.സി. ചാക്കോ.

"നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല" എന്നു അരുളിച്ചെയ്ത ആ മഹദ്ഗുരുവിന്റെ വാക്കുകൾ മി. ചാക്കോയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരുന്നു. അദ്ദേഹം അതിൽ പൂർണ്ണത സമ്പാദിച്ചുവെന്ന് പറയാം. ആ പൂർണ്ണതയ്ക്ക് വേണ്ടി മറ്റെല്ലാ കാര്യങ്ങളിലും അദ്ദേഹം അപൂർണ്ണനായി തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ സർവശക്തികളും ഒന്നിൽ തന്നെ കേന്ദ്രീകരിച്ചിരുന്നു. അതുകൊണ്ടു മാത്രമാണ് അദ്ദേഹം കാലത്തിന്റെ കൈകളിൽ നിന്നും ഉയർത്തപ്പെട്ട്, നശ്വരതയ്ക്കു വിധേയനാകാതെ ധ്രുവനക്ഷത്രത്തോടൊപ്പം പ്രതിഷ്ഠിതനായത്. യേശുക്രിസ്തുവിലുള്ള ശിശുസഹജമായ വിശ്വാസം അതിന്റെ പരിപൂർണ്ണതയിൽ ഏവരും മി. ചാക്കോയിൽ ദർശിച്ചു. "കീഴിൽ നിത്യഭുജങ്ങളുണ്ട്" എന്നുള്ള തിരുവചസ്സുകൾ അനേകർക്കും ദുർഗ്രഹമാണ്. അവർ മി. ചാക്കോയുടെ സമീപം സ്വല്പനിമിഷം ചെലവഴിച്ചാൽ മതി, അവർ അറിയാതെ തന്നെ അതിന്റെ അർത്ഥം അവരുടെ ഉള്ളിൽ സുഗ്രഹമായിത്തീർന്നുകൊള്ളും. നാം ചവുട്ടി നിൽക്കുന്നത് ഭൂമിയിലാണെന്നുള്ളതുപോലെ തന്നെ സംശയരഹിതമായ ഒരു യാഥാർത്ഥ്യം മാത്രമായിരുന്നു മി. ചാക്കോയ്ക്ക് ആ വാക്കുകൾ. അദ്ദേ

ഹത്തിന്റെ ഓരോ ശ്വാസോച്ഛ്വാസവും ആ സത്യത്തിനു സാക്ഷി നിൽക്കുകയായിരുന്നു ചെയ്തിരുന്നത്. ഉണ്ണുന്നതും, ഉറങ്ങുന്നതും, പറയുന്നതും, എഴുതുന്നതും, എല്ലാം തന്നെ സുശക്തമായ ദൈവഹസ്തങ്ങളിൽ ഇരുന്നുകൊണ്ടു തന്നെ ആയിരുന്നു. ഒരിക്കലും തളർന്നുപോകാത്ത ആ കൈത്താങ്ങൽ മി. ചാക്കോയുടെ ജീവിതത്തിന് ഉറപ്പും ചൈതന്യവും നൽകി.

ഈ ഒരു വിശ്വാസം സമ്പൂർണ്ണമാകുന്നതിനു വേണ്ടിയായിരുന്നു മറ്റെല്ലാ കാര്യങ്ങളിലും അദ്ദേഹം അപൂർണ്ണനായത്. ഒന്നിൽ പൂർണ്ണത സമ്പാദിക്കണമെങ്കിൽ മറ്റു പലതിലും അപൂർണ്ണനാകണമെന്നുള്ളത് പ്രകൃതിനിയമമാണല്ലോ. പല കാര്യങ്ങളിൽ ബദ്ധശ്രദ്ധനായി നടക്കാതെ ഏറ്റവും ഉത്തമമായ ഒരു കാര്യം മാത്രം അദ്ദേഹം തെരഞ്ഞെടുത്തു: ദിവ്യഗുരുവിന്റെ പാദപീഠത്തിലിരുന്നു അദ്ദേഹത്തിന്റെ കർണ്ണപീയൂഷങ്ങളായ തിരുവചസ്സുകൾ ശ്രവിക്കുകയും എല്ലാ ആത്മാക്കളുടേയും ലക്ഷ്യപ്രാപ്തിയായ ആ സഖിത്വത്തിൽ പൂർണ്ണമായി പങ്കെടുക്കുകയും ചെയ്യുക. മി. ചാക്കോയുടെ വിജയരഹസ്യം അതുതന്നെ ആയിരുന്നു.

അദ്ദേഹം ഒരു പ്രസംഗകനായിരുന്നില്ല. അദ്ദേഹത്തിന്റെ ഒരൊറ്റ പ്രസംഗംപോലും കേട്ടവർ ഉണ്ടോയെന്ന് സംശയമാണ്. വ്യക്തികളുടെ ഹൃദയങ്ങളെ ഇളക്കിമറിക്കുവാൻ കെൽപ്പുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഏറ്റവും ഗംഭീരങ്ങളായ പ്രസംഗങ്ങൾ ആ ചാരുകസേരയിൽ കിടന്നുകൊണ്ടു അടുത്തിരിക്കുന്ന സ്നേഹിതന്റെ ശ്രവണപുടങ്ങളിലേക്കു പകർന്നുകൊടുക്കുന്ന മന്ത്രാക്ഷരങ്ങൾ മാത്രമായിരുന്നു. "Trustfully open to His indwelling companionship; His grace is sufficient unto us" എന്നിങ്ങനെയുള്ള നിരവധി അമൃതനിഷ്യന്ദികളായ വാക്കുകൾ എത്രയെത്ര തപ്തഹൃദയങ്ങളെയാണ് കുളുർമ്മ നൽകി ആശ്വസിപ്പിച്ചിട്ടുള്ളത്. ഒരു പ്രസംഗവേദിയിൽ കയറി നിന്നുകൊണ്ടു അദ്ദേഹത്തിന്റെ സന്ദേശം ജനതാമദ്ധ്യത്തിലേക്കു വലിച്ചെറിയുക അല്ലായിരുന്നു അദ്ദേഹം ചെയ്തിരുന്നത്. ഓരോ വ്യക്തിയേയും അരികിൽ വിളിച്ചു ഒരു തുള്ളിപോലും നഷ്ടപ്പെട്ടുപോകാതെ അവരുടെ ഹൃദയങ്ങളിലേക്കു നേരിട്ടു അതു പകർന്നുകൊടുക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ പതിവ്. മി. ചാക്കോയോട് അടുത്തുവന്നിട്ടുള്ള ആരുംതന്നെ ഒരു ഹൃദയക്ഷോഭംപോലും ഉണ്ടാകാതെ അദ്ദേഹത്തിന്റെ സന്നിധിയിൽനിന്നും പോയിട്ടില്ലെന്നുള്ളതിന്റെ യഥാർത്ഥ കാരണവും ഇതു തന്നെയായിരുന്നു.

മി. ചാക്കോ ഒരൊറ്റ ലേഖനംപോലും ഒരു മാസികയിലും എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി ആർക്കും ഓർമ്മയില്ല. അദ്ദേഹത്തിന്റെ ലേഖനങ്ങൾ സുപ്രസിദ്ധങ്ങളായ ടൈപ്പു ചെയ്ത ആ "കുറിപ്പടികൾ" മാത്രമായിരുന്നു. ഏതു തരത്തിലുള്ള ആദ്ധ്യാത്മിക രോഗങ്ങൾക്കും അദ്ദേഹത്തിന്റെ കുറിപ്പടികൾ ഒറ്റമൂലി ഔഷധങ്ങളാണ്. എത്രയെത്ര രോഗങ്ങളാണ് ഈ ആദ്ധ്യാത്മിക ഭിഷഗ്വരന്റെ ഈ ചെറിയ കുറിപ്പടികൾകൊണ്ടു ഭേദമായിട്ടുള്ളതെന്നു അനുഭവസ്ഥർക്കു മാത്രമേ അറിയാവൂ. അദ്ദേഹം അതിന്റെ യാതൊരു സ്ഥിതിവിവരക്കണക്കും സൂക്ഷിച്ചിരുന്നില്ല. രോഗികളെ ചികിത്സിക്കുകയല്ലാതെ അവരുടെ സംഖ്യയെണ്ണുന്നത് ഒരുത്തമവൈദ്യന്റെ ലക്ഷണമല്ലല്ലൊ.

മി. ചാക്കോ ഒരു ഗ്രന്ഥകാരനുമായിരുന്നില്ല. ഒരൊറ്റ പുസ്തകത്തിന്റെ പുറത്തുപോലും അദ്ദേഹത്തിന്റെ നാമം മുദ്രണം ചെയ്തിട്ടുമില്ല. പക്ഷെ അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ഒരു ഗ്രന്ഥം തന്നെയായിരുന്നു. നിങ്ങൾ അടുത്തിരുന്ന് ആ ഗ്രന്ഥത്തിലെ ചില വരികൾ ശ്രവിക്കുക. ഒരു പുതിയ മനുഷ്യനായി നിങ്ങൾ രൂപാന്തരപ്പെടുന്നതു കാണാം. ജീവിതക്ലേശം ഹേതുവാൽ നിങ്ങൾ തണുത്തുപോയെന്നു വന്നേക്കാം. അദ്ദേഹത്തിന്റെ അടുത്തുപോയിരിക്കുക, ഒരു നവശക്തി നിങ്ങളിലേക്കു പ്രവേശിച്ചതായി നിങ്ങൾക്കനുഭവമാകും. ഗ്രന്ഥ നിർമ്മാണത്തിലും ലേഖനമെഴുത്തിലും മി. ചാക്കോ നമ്മുടെ ഗുരുവിനെ പൂർണ്ണമായി അനുകരിച്ചിരുന്നു. മണ്ണിൽ എഴുതിയ മൂന്നുനാലു വാക്കുകളല്ലാതെ ക്രിസ്തു യാതൊരു ലേഖനവും എഴുതിയിരുന്നില്ലല്ലൊ. ക്രിസ്തുവിനെ കണ്ടവർ പിതാവിനെ കണ്ടതുപോലെ മി. ചാക്കോയെ കാണുന്നവർ ക്രിസ്തുവിനെ കാണുന്നുവെന്ന് നമുക്ക് സധൈര്യം പറയുവാൻ കഴിയുമായിരുന്നു. മി. ചാക്കോയുടെ ജീവിതലക്ഷ്യം മുഴുവനും ക്രിസ്തുവിന്റെ ആളത്വം പ്രകാശിപ്പിക്കുകയെന്നതു മാത്രമായിരുന്നുവല്ലോ. ഒരു സ്നേഹിതൻ

പ്രസ്താവിച്ചതുപോലെ മി. ചാക്കോ നിർമ്മിച്ച ഗ്രന്ഥം "യൂണിയൻ ക്രിസ്ത്യൻ കോളേജ്" ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ യഥാർത്ഥമായിത്തീർന്ന ഒരു സ്വപ്നമായിരുന്നു പ്രസ്തുത കോളേജ്. അദ്ദേഹത്തിന്റെ ആഗ്രഹങ്ങളും ആദർശങ്ങളും ഉടലെടുത്തതാണ് ഈ വിദ്യാനിലയം. കേരളത്തിലെ മൂന്നു സഭകളും ഒത്തൊരുമിച്ച് ദൈവരാജ്യസ്ഥാപനത്തിനായി ഉള്ളഴിഞ്ഞു പരിശ്രമിക്കുക അതായിരുന്നു മി. ചാക്കോയുടെ മോഹനസ്വപ്നം. "ഞാൻ പിതാവിൽ നിന്നു വന്നുവെന്ന് ലോകം വിശ്വസിക്കുന്നതിനായി ഇവർ ഒന്നായിരിക്കണമെ" എന്നു അകം നീറി പ്രാർത്ഥിച്ച ആ ദിവ്യഗുരുവിന്റെ ശിഷ്യന് ഇതിൽകൂടുതൽ എന്താണ് ആഗ്രഹിക്കുവാനുള്ളത്. കോളജിൽ വരുന്ന ഒരൊറ്റ വിദ്യാർത്ഥിയെപ്പോലും പ്രത്യക്ഷമായോ പരോക്ഷമായോ സ്പർശിക്കാതെ അദ്ദേഹം വിട്ടിരുന്നില്ല. ഓരോ കൊല്ലംതോറും ഒന്നിനുപുറകെ ഒന്നായി തിരമാലപോലെ വന്നുകൊണ്ടിരുന്ന വിദ്യാർത്ഥിസമൂഹങ്ങളെ, ആദ്യത്തെ ഒരൊറ്റ മാസം കൊണ്ടു തന്നെ സൂക്ഷ്മമായി അദ്ദേഹം പഠിച്ചു കഴിയും. ഓരോ വിദ്യാർത്ഥിയും ഏതേതു മുറിയിലാണ് താമസിക്കുന്നതെന്നും അവർ ഏതു ഭക്ഷണശാലയിൽ നിന്നാണ് ഊണുകഴിക്കുന്നതെന്നും മറ്റുമുള്ള എല്ലാ സൂക്ഷ്മവിവരങ്ങളും അദ്ദേഹത്തിനു അറിയാമായിരിക്കും. ആ ഓരോ വിദ്യാർത്ഥിയുടെയും എല്ലാ ആവശ്യങ്ങളും ഒരു പിതാവിനെക്കാളും ശ്രദ്ധയോടുകൂടെ അദ്ദേഹം അന്വേഷിച്ചിരുന്നു.

ഏതു വിദ്യാർത്ഥിക്കും അദ്ദേഹത്തിന്റെ സന്നിധിയിൽ സ്ഥാനമുണ്ടായിരുന്നു. എല്ലാ വിദ്യാർത്ഥികളും അദ്ദേഹത്തിന് ഒരുപോലെ മാത്രമായിരുന്നു. ദൈവത്തിന്റെ അരുമസന്താനങ്ങൾ ആയിരുന്നു എല്ലാവരും. ഏവർക്കും അടുത്തുചെന്ന് എന്തു വേണമെങ്കിലും അദ്ദേഹത്തോടു പറയാം. മുഴുവൻ ശ്രദ്ധയോടെ കേട്ടതിനുശേഷം തെളിഞ്ഞ മുഖത്തോടു കൂടെ നിങ്ങളെ ഗുരുവിന്റെ സന്നിധിയിലേക്കു ആനയിക്കുന്നതു കാണാം.

അദ്ദേഹത്തിന്റെ സംസാരരീതിയും ഗുരുവിനെ അനുകരിച്ചുള്ളതുതന്നെ. ചെറിയ വാചകങ്ങൾ, ആഴമേറിയ ആശയങ്ങൾ, ഇവയായിരുന്നു അതിന്റെ പ്രത്യേക ലക്ഷണങ്ങൾ. നിങ്ങളോടു പറയാനുള്ള കാര്യങ്ങൾ നിങ്ങൾക്കു ഒരിക്കലും വിസ്മരിക്കുവാൻ പാടില്ലാത്ത ഒരു ചോദ്യചിഹ്നത്തോടുകൂടെ നിങ്ങളുടെ മുമ്പിൽ ഉയർത്തിക്കാണിക്കും. അതിഗംഭീരങ്ങളായ ആശയങ്ങൾ ഏറ്റവും ലളിതമായ ഭാഷയിൽ പ്രകടിപ്പിക്കുന്നതിലും അദ്ദേഹം അദ്വിതീയനായിരുന്നു. ലോകമോഹങ്ങളെ ആശ്രയിക്കുന്ന മൂഢതയുടെ യാഥാർത്ഥ്യം വെളിപ്പെടുത്താൻ "കള്ളിൻപാള പട്ടിയുടെ പുറത്തു ചാരിയ കഥ" അദ്ദേഹം പറഞ്ഞു കേട്ടിട്ടുള്ളവർക്കു പിന്നീടതു വിസ്മരിക്കുവാൻ അസാദ്ധ്യമാണ്. ജീവിതത്തിൽ യാതൊരു ലക്ഷ്യവുമില്ലാതെ മുന്നോട്ടേയ്ക്കു പോകുന്ന വ്യക്തികളുടെ മൗഢ്യം വ്യക്തമാക്കുന്നതിനുവേണ്ടി ക്ലാസിൽ പറഞ്ഞ ഒരു ദാഹരണം അന്ന് എന്നതുപോലെ ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു "ഒരു ടാക്സിക്കാറിൽ കയറി ഇരുന്നു എങ്ങോട്ടേയ്ക്കെന്നറിയാതെ അതിവേഗം വണ്ടി വിടുന്നതിന് ഡ്രൈവറോട് പറയുക; ഡ്രൈവർ തദനുസരണം വണ്ടി അതിശീഘ്രം ഓടിക്കുകയും ചെയ്യുക."

പ്രസംഗകനോ ലേഖനകർത്താവോ ഗ്രന്ഥകാരനോ അല്ലാതെ വെറും ഒരു സാധാരണക്കാരനായിരുന്ന മി. ചാക്കോയെ എന്നും ലോകം ആദരിക്കുക തന്നെ ചെയ്യും. കാരണം അദ്ദേഹം അനേകരുടെ ആത്മികപിതാവായിരുന്നു എന്നുള്ളത് തന്നെ. പുതിയ ആളത്വങ്ങളെ സൃഷ്ടിക്കുകയെന്നതായിരുന്നു ആ മഹായോഗിയുടെ പ്രതിദിന കർത്തവ്യം. അദ്ദേഹത്തിന്റെ ആദ്ധ്യാത്മികസന്താനങ്ങളെ തിരിച്ചറിയുന്നതിന് യാതൊരു വിഷമവുമില്ല. അവരുടെ സംസാരരീതിയും ചിന്താഗതിയും അഞ്ചുമിനിട്ടു നേരത്തേക്ക് സൂക്ഷിച്ചാൽ മതി. അതിൽ മി. ചാക്കോയുടെ മുദ്ര പതിഞ്ഞിരിക്കുന്നതായി കാണാം. അടുത്തുവരുന്ന ഏവരെയും സ്വന്തചിന്താഗതിയിലേയ്ക്ക് ആകർഷിക്കുന്നതിനും, ആ മൂശയിൽ കൂടെ കടത്തി പ്രത്യേകമായ വ്യക്തിവിശേഷ മുദ്ര അവരിൽ പതിച്ച് ഒരു പുതിയ സൃഷ്ടിയായി ലോകത്തിലേക്ക് കടത്തി വിടുന്നതിനും അസാമാന്യ വ്യക്തിമാഹാത്മ്യമുള്ളവർക്കു മാത്രമേ സാദ്ധ്യമാകൂ. മി. ചാക്കോ അത്തരത്തിൽ പെടുന്നവരിൽ നിസ്തുലനായ ഒരാൾ തന്നെയായിരുന്നു.

ആലുവാ കോളേജിലെ ആ യതിവര്യൻ കൊളുത്തിയ ദീപം അണയാതെ കൊണ്ടുപോകുക മാത്രമാണ്, അദ്ദേഹത്തിന്റെ സ്നേഹിതന്മാരുടെ അനന്തര കർത്തവ്യം. ◎

1948 സെപ്തംബർ 15-ന് ചർച്ച് വീക്കിലിയിൽ
ആലുവ യു.സി. കോളജ് പ്രിൻസിപ്പാൾ
**ശ്രീ സി.പി. മാത്യു** എം.എ.
എഴുതിയ ലേഖനം



# മി. കെ.സി. ചാക്കോ - സുഹൃത് സ്മരണകൾ

മി. ചാക്കോയുമായി മുപ്പതിൽപരം വർഷക്കാലം മിക്കവാറും ദിവസേനയെന്നപോലെ അടുത്തു പെരുമാറുന്നതിനുള്ള സൗകര്യം എനിക്കു ലഭിച്ചിരുന്നു. ഒരു സുദീർഘകാലത്തെ ബഹുലങ്ങളായ സ്മരണകളിൽ ചിലതു രേഖപ്പെടുത്തണമെന്ന് അദ്ദേഹത്തിന്റെ ചരമാനന്തരം പലപ്പോഴും ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. ഇനിയും അതു നീട്ടിവെക്കുന്നതിന് ഈ പത്രത്തിന്റെ ഭാരവാഹികൾ എന്നെ അനുവദിക്കാത്തതിൽ ഞാൻ സന്തോഷിക്കുന്നു. മി. ചാക്കോയെ പരിചയമുള്ള അനേകരിൽ ഇതുപോലെയുള്ള സ്മരണകൾ ഉദ്ദീപിപ്പിക്കുന്നതിനും, അപരന്മാരിൽ അദ്ദേഹത്തെപ്പറ്റി വളരെ അപൂർണ്ണമായ ഒരു രൂപമെങ്കിലും ഉളവാക്കുന്നതിനും എന്റെ ഈ ഉദ്യമം അല്പമായിപ്പോലും സഹായിക്കുമെങ്കിൽ ഞാൻ ധാരാളം കൃതാർത്ഥനായി. അല്ലെങ്കിൽതന്നെയും എനിക്ക് കൗതുകമുള്ള ഒരു കൃത്യമാണ് ഇത്.

മി. ചാക്കോയെ ഞാൻ ആദ്യമായി കണ്ട അവസരം ഇപ്പോഴും നല്ലതുപോലെ ഓർക്കുന്നുണ്ട്. 1915-ാമാണ്ട് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ഞാൻ ഒരു വിദ്യാർത്ഥിയായി ചെന്നു ചേർന്നപ്പോഴായിരുന്നു അത്. അവിടുത്തെ അധ്യാപക വൃന്ദത്തിൽ അദ്ദേഹം ഉണ്ടെന്ന് എനിക്കു മുമ്പുതന്നെ അറിയാമായിരുന്നു. അനിതരസാധാരണമായ ക്രിസ്തുഭക്തിയും അഗാധമായ പ്രാർത്ഥനാനുഭവവുമുള്ള ഒരാളെന്ന് അനേകരിൽ നിന്നും അദ്ദേഹത്തെപ്പറ്റി ഞാൻ കേട്ടിരുന്നു. മദ്രാസിൽ ചെന്നാൽ അദ്ദേഹത്തെ പരിചയമാകാമെന്നുള്ള പ്രതീക്ഷയും എനിക്കുണ്ടായിരുന്നു. ഞാൻ ചെന്ന് അധികം താമസിയാതെ അതുപോലെ സാധിക്കുകയും ചെയ്തു. ഞാൻ താമസിക്കുന്ന ഹോസ്റ്റലിന്റെ വരാന്തയിൽ ഒരു സായാഹ്നകാലത്ത് ഞാൻ നിൽക്കുമ്പോൾ അദ്ദേഹം അവിടെവന്ന് എന്നോടു സംഭാഷണം ആരംഭിച്ചു. എല്ലാ ദിവസവും വൈകിട്ടു അദ്ദേഹം നടക്കാൻ പോകുക പതിവായിരുന്നു. അന്ന് കൂടെ പോരുന്നോ എന്ന് എന്നോട് അദ്ദേഹം ചോദിച്ചപ്പോൾ ഞാൻ അതിന് സസന്തോഷം സമ്മതിച്ചു. ഞങ്ങൾ രണ്ടു പേരുംകൂടി കൽപുറത്തു പോയി കുറെ സമയം ചെലവഴിച്ചശേഷം അന്നത്തേക്കു പിരിഞ്ഞു.

മൂന്നു വർഷം വിദ്യാർത്ഥിയായും അനന്തരം അത്രയുംതന്നെ വർഷങ്ങൾ ക്രിസ്ത്യൻ കോളേജിലെ ഒരദ്ധ്യാപകനായും ഞാൻ കഴിച്ചുകൂട്ടിയ കാലത്തിനുള്ളിൽ എത്രയെത്ര സായാഹ്നങ്ങൾ ഞങ്ങൾ ഒന്നിച്ചു ചെലവഴിച്ചിട്ടുണ്ടെന്ന് കണക്കാക്കാൻ പ്രയാസം. ഒരിടയ്ക്ക് കോളേജിലെ അദ്ദേഹത്തിന്റെ ജോലികഴിഞ്ഞ് തന്റെ താമസസ്ഥലമായ വൈ.എം.സി.എ. കെട്ടിടത്തിലേക്കു പോകുന്ന വഴി അദ്ദേഹം ഞാൻ താമസിച്ചിരുന്ന 'ഫെൻ ഹോസ്റ്റലി'ൽ എന്റെ മുറിയിൽ മുറയ്ക്ക് വരുമായിരുന്നു. സൗകര്യം കിട്ടുമ്പോഴൊക്കെയും അദ്ദേഹത്തിന്റെ മുറിയിൽ പോകുന്നത് എനിക്കും എത്രയും സന്തോഷമായ ഒരു കാര്യമായിരുന്നു. ഞങ്ങൾ കൂടുമ്പോൾ സംഭാഷണത്തിന് ഞങ്ങൾക്കിരുവർക്കും താല്പര്യമുള്ള പല വിഷയങ്ങളുമുണ്ടായിരുന്നു. മി. ചാക്കോ ഐച്ഛികവിഷയമായി എടുത്ത് എം.എ. ബിരുദം സമ്പാദിച്ചിരുന്ന തത്വശാസ്ത്രം തന്നെയാണ്

ഞാനും ഓണേഴ്സ് പരീക്ഷയ്ക്ക് പഠനത്തിനായി തെരഞ്ഞെടുത്തത്. തത്വശാസ്ത്രവും വൈദികശാസ്ത്രവും അന്യോന്യം വളരെ ബന്ധപ്പെട്ട വിഷയങ്ങളാണല്ലോ. ക്രിസ്തീയ വീക്ഷണകോണത്തിൽ നിന്ന് തത്വശാസ്ത്രത്തിലെ പല പ്രശ്നങ്ങളെ പരിശോധിക്കുന്നതിൽ ഞങ്ങൾക്കുത്സാഹമുണ്ടായിരുന്നു.

അന്ന് ക്രിസ്ത്യൻ കോളജിലെ പ്രധാന തത്വശാസ്ത്രപണ്ഡിതനും വേദശാസ്ത്ര നിപുണനും ഇപ്പോഴും ജീവിച്ചിരിപ്പുള്ള ദേഹവുമായ ഡോക്ടർ ഹോഗ് മി. ചാക്കോയുടെ വളരെ ഉറ്റ ഒരു മിത്രമായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നതിനായി ചെന്നുചേർന്ന എന്നിലും സായിപ്പിന് സംപ്രീതിയും താല്പര്യവുമായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിശക്തിയെപ്പറ്റിയും പാണ്ഡിത്യത്തെക്കുറിച്ചും മി. ചാക്കോയ്ക്കും എനിക്കും വളരെ ഉന്നതമായ മതിപ്പുണ്ടായിരുന്നു. കോളേജിൽ നിന്നും രണ്ടുമൂന്നു മൈൽ ദൂരത്തായി ഡോക്ടർ ഹോഗ് പത്നീസമേതം താമസിച്ചിരുന്ന വീട്ടിൽ മി. ചാക്കോ പതിവായി പോകുമായിരുന്നു. പല അവസരങ്ങളിൽ അദ്ദേഹത്തോടൊപ്പം ഞാനും പോയിട്ടുണ്ട്. മി. ചാക്കോയുമായി ഞാൻ പരിചയപ്പെടുന്നതിനു മുമ്പാണു അദ്ദേഹം കഠിനമായ ക്ഷയരോഗത്താൽ ബാധിതനായി ആശയറ്റ സ്ഥിതിയിലെത്തിയതിനുശേഷം അത്ഭുതകരമാംവണ്ണം സുഖം പ്രാപിച്ചത്. അദ്ദേഹത്തിന്റെ രോഗകാലത്ത് കുറേനാൾ സായിപ്പും മദാമ്മയും അദ്ദേഹത്തെ സ്വഭവനത്തിൽ കൂടെ താമസിപ്പിച്ച് പരിചരിച്ചിരുന്നു. മി. ചാക്കോയെ ഞാൻ കണ്ടു തുടങ്ങിയിരുന്ന കാലത്ത് അദ്ദേഹം ഒരു രോഗിയാണെന്ന് മുൻപരിചയമില്ലാത്ത കാഴ്ചക്കാർ പറയുകയില്ലായിരുന്നു.

ദേഹം അത്രയ്ക്കു നന്നായിരുന്നു. എന്നാൽ രോഗബീജങ്ങൾ ഹനിക്കപ്പെട്ടശേഷവും രോഗകാലത്തു അദ്ദേഹത്തിന്റെ കരളിനു തട്ടിയിരുന്ന ക്ഷതത്തിൽ നിന്നു പരിപൂർണ്ണമായി ഒരിക്കലും അദ്ദേഹം വിമുക്തനായിരുന്നില്ല. അതിനാൽ ഉറക്കം, ഭക്ഷണം, പരിമിത വ്യായാമം എന്നീ വക സംഗതികളിൽ വളരെ കൃത്യമായ ഒരു ദിനചര്യ അദ്ദേഹം പരിപാലിച്ചുപോന്നിരുന്നു. മരണത്തിന്റെ വക്കുവരെയും എത്തിയതിനുശേഷം തന്റെ പരിപൂർണ്ണമായ ദൈവവിശ്വാസം കൊണ്ടും അനേക ദൈവഭക്തരുടെ പ്രാർത്ഥന കൊണ്ടും ലബ്ധസുഖനായ മി. ചാക്കോയെ കാണുന്നതും സ്വവസതിയിൽ സ്വീകരിക്കുന്നതും സായിപ്പിനും മദാമ്മയ്ക്കും എത്രയോ സന്തോഷമായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. "Christ's Message of The Kingdom" എന്ന പേരിൽ സായിപ്പു രചിച്ചിട്ടുള്ള വിശിഷ്ടകൃതി ഞാൻ മദ്രാസിൽ ചെല്ലുന്നതിനു മുമ്പുതന്നെ വളരെ കൗതുകത്തോടെ വായിച്ചു പഠിച്ചിരുന്നതാണ്. അതിലെ പല സംഗതികളും സായിപ്പിന്റെ ബൈബിൾ ക്ലാസിലെ പ്രഭാഷണങ്ങളും വെളിക്കുള്ള പ്രസംഗങ്ങളും മറ്റും ചാക്കോയുമായുള്ള തന്റെ ഹൃദ്യമായ സംഭാഷണവിഷയങ്ങളിൽ ഉൾപ്പെട്ടിരുന്നു.

ഇങ്ങനെ എന്നോടു അടുത്തു പെരുമാറിക്കൊണ്ടിരുന്ന കാലത്തു എന്നെപ്പോലെയുള്ള എത്രയോ വിദ്യാർത്ഥികളോടൊണു അദ്ദേഹം ഇടപെട്ടുകൊണ്ടിരുന്നത്! ഓരോരുത്തർ ചെല്ലുമ്പോഴും അവരവർക്കു താല്പര്യമുള്ള കാര്യങ്ങളെപ്പറ്റി സംഭാഷണം ചെയ്യുന്നതിനു അദ്ദേഹത്തിനു പ്രയാസമില്ലായിരുന്നു. തന്റെ അടുക്കൽ വരുന്നവർക്ക് താൽപര്യമുള്ള വിഷയങ്ങളിൽ തനിക്കും താൽപര്യമുണ്ടെന്ന് അവരെ ധരിപ്പിച്ചു തൽക്കാലത്തേക്കു അവരെ സംതൃപ്തരാക്കുന്നതിനുള്ള ഒരു നയമല്ലായിരുന്നു ഇത്. പ്രത്യുത ക്രിസ്തീയമായ രീതിയിൽ താൻ അവരെ സ്നേഹിച്ചതുകൊണ്ട് അവരുടെ ക്ഷേമത്തിനും നന്മയ്ക്കും ഉതകിയ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ ശ്രദ്ധ പതിഞ്ഞു എന്നു മാത്രമേയുള്ളൂ. തന്നോടു ഇടപെട്ടുകൊണ്ടിരുന്ന അനേകരെ കാലാകാലത്തു അഭിമുഖീകരിച്ചുകൊണ്ടിരുന്ന വിവിധ പ്രശ്നങ്ങളെ അദ്ദേഹം തന്റേതാക്കിക്കൊണ്ട് അവയെപ്പറ്റി അവരോടൊന്നിച്ചു ആലോചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുപോന്നിരുന്നു. ഇങ്ങനെ ഒട്ടുവളരെ ആളുകളേയും പ്രസ്ഥാനങ്ങളേയും ഉൾക്കൊള്ളിച്ചിരുന്ന ഒരു വിശാലഹൃദയമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. തന്നോടു ഇടപെടുന്നവ

രിലുള്ള ആത്മാർത്ഥമായ താൽപര്യത്തിൽ നിന്ന് ബഹിർഗമിച്ച സംഭാഷണങ്ങൾക്ക് പ്രത്യേകമായ ഒരാസ്വാദ്യതയുണ്ടായിരുന്നു.


തന്റെ ബുദ്ധ്യുപദേശത്തെ അഭ്യർത്ഥിച്ചു കൊണ്ടു തന്നോടു സമീപിച്ചവരെ സഹായിക്കുന്നതിന് അദ്ദേഹം അവലംബിച്ചിരുന്ന രീതിയെപ്പറ്റി ഇവിടെ അല്പം വിസ്തരിക്കേണ്ടതായുണ്ട്. ഒരുവനെ അഭിമുഖീകരിക്കുന്ന ഏതൊരു വിഷമസന്ധിയിലും അയാൾ എങ്ങനെ പെരുമാറണമെന്നുള്ളതിനേപ്പറ്റി ദൈവത്തിന് ഒരിച്ഛയുണ്ടെന്നും അത് പ്രാർത്ഥനാപൂർവം ആലോചിച്ചു കണ്ടുപിടിച്ച് അതിനെ നിവർത്തിക്കുന്നതു മാത്രമാണ് തൃപ്തികരമായ പരിഹാരമെന്നും അതിന് പരമാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് അതിന് അവശ്യം വേണ്ട ദൈവകൃപ ലഭ്യമാണെന്നും അദ്ദേഹം ബലമായി വിശ്വസിച്ചിരുന്നു. ഒരുവന്റെ സ്വന്തഭോഷത്വം കൊണ്ടോ ദോഷംകൊണ്ടോ അയാൾക്കു നേരിടുന്ന വിഷമസ്ഥിതിയിൽ തന്നെയും മേൽ സൂചിപ്പിച്ചതു പ്രകാരം അയാൾ പെരുമാറുന്നപക്ഷം വിഷമപരിഹാരമുണ്ടാകുമെന്ന് മാത്രമല്ല അത് ഒരനുഗ്രഹ ഹേതുവായിത്തന്നെ ഭവിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. തങ്ങളെ അപ്പോഴപ്പോൾ അഭിമുഖീകരിക്കുന്ന ചെറുതോ വലുതോ ആയ ദുർഘടങ്ങളിൽ തന്റെ സ്നേഹിതന്മാരോടൊന്നിച്ച് അദ്ദേഹം അവയെപ്പറ്റി ചിന്തിക്കുകയും പ്രാർത്ഥിക്കുകയും, അവരെപ്പറ്റിയുള്ള ദൈവേഷ്ടം ഗ്രഹിക്കുന്നതിനു അവരെ സഹായിക്കുകയും ചെയ്തുപോന്നിരുന്നു. ദൈവഹിതം അറിയുന്നതിൽ ബുദ്ധിപൂർവമായ ചിന്തയ്ക്കും പരാമർശത്തിനും ഒരു നല്ല സ്ഥാനം അദ്ദേഹം കൊടുത്തിരുന്നു. ദൈവം നമുക്കു തന്നിട്ടുള്ള ബുദ്ധിശക്തിയേയും നമ്മുടെ ഭൂതകാലാനുഭവങ്ങളേയും അവഗണിച്ചുകൂടായെന്നും, പ്രത്യുത, അവയെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് അവിടുത്തെ കൃപയുടെ വ്യാപാരത്തോടു കൂടെ അവയെ ഉപയോഗിച്ച് നമ്മേ നേരിടുന്ന വിഷമസന്ധികളെ നാം തരണം ചെയ്യേണ്ടതാണെന്നും ആയിരുന്നു അദ്ദേഹത്തിന്റെ അഭിമതം. അതിനാൽ ഏതെങ്കിലും പ്രായോഗിക വിഷമ പ്രശ്നങ്ങളുമായി അദ്ദേഹത്തെ സമീപിച്ചിട്ടുള്ളപ്പോഴൊക്കെയും യുക്തിയുക്തമായി സംഗതികളുടെ നാനാവശങ്ങളെപ്പറ്റി അദ്ദേഹം ആലോചിക്കുകയും സംസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. ആലോചിച്ച് പ്രാർത്ഥിച്ചു പിരിയുന്ന ശേഷവും അദ്ദേഹം ആ കാര്യത്തെപ്പറ്റി തുടർന്ന് തനിയെ ചിന്തിക്കുകയും പ്രാർത്ഥിക്കുകയും വീണ്ടും അദ്ദേഹത്തെ കാണുമ്പോൾ തന്റെ ആലോചനയുടേയും പ്രാർത്ഥനയുടേയും ഫലമായി തനിക്കു ലഭിച്ച ആശയങ്ങളെ അദ്ദേഹം പ്രസ്താവിക്കുകയും പതിവായിരുന്നു. എന്നാൽ തന്റെ സ്നേഹിതന്മാരെ ചില വിഷമസ്ഥാനങ്ങളിൽ സഹായിക്കുന്നതുകൊണ്ടു മാത്രം അദ്ദേഹം തൃപ്തിയടഞ്ഞിരുന്നില്ല. അവരെ ക്രിസ്തുവിങ്കലേക്കാകർഷിക്കുന്നതിലും ദൈവസംസർഗ്ഗത്തിൽ വളരുന്നതിന് അവരെ സഹായിക്കുന്നതിലും ആയിരുന്നു അദ്ദേഹത്തിന്റെ പരമതാല്പര്യം. വ്യക്തികളോടിടപെട്ട് അവരെ ദൈവത്തിങ്കലേക്ക് തിരിക്കുന്നതിൽ അദ്ദേഹത്തെപ്പോലെ ഫലവത്തായി ശുശ്രൂഷ നിവർത്തിച്ചിട്ടുള്ളവർ ഈ നാട്ടിലാകട്ടെ ഏതു നാട്ടിലുമാവട്ടെ വളരെ ഉണ്ടായിരിക്കുകയില്ല. താനുമായി പരിചയത്തിൽ വന്നിട്ടുള്ള അനേകരുടെ ജീവിതഗതിയെ പ്രത്യേകവിധങ്ങളിൽ തിരിച്ചുവിടുന്നതിന് അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. എന്നാൽ അവരിൽ ആരേയും അദ്ദേഹം ഭേമിക്കുകയോ തന്റെ അഭിപ്രായങ്ങളെ അവരുടെ മേൽ കെട്ടിവയ്ക്കുകയോ ചെയ്യുന്നതിന് ഒരിക്കലും ഉദ്യമിച്ചിരുന്നില്ല. ഓരോരുത്തർക്കുമുള്ള സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് അവരവർ ദൈവസന്നിധിയിൽ തീരുമാനങ്ങൾ ചെയ്ത് അവയെ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിന് അവരെ ആദരപൂർവ്വം സഹായിക്കുക മാത്രമാണ് അദ്ദേഹം ചെയ്തുപോന്നിരുന്നത്. അദ്ദേഹത്തിന്റെ ബുദ്ധിപൂർവ്വകമായ ആലോചനകളുടേയും പ്രാർത്ഥനകളുടേയും ഫലമായി തങ്ങൾക്കു ലഭിച്ചിട്ടുള്ള വിലയേറിയ സഹായങ്ങളെപ്പറ്റി നന്ദിപൂർവ്വം സ്മരിക്കുന്നവരായ ബഹുശതം ആളുകൾ ഇന്നു ജീവിച്ചിരിപ്പുണ്ടെന്ന് നിസ്സംശയം പറയാം. ◎

SOUKYA®

# DR. MATHAI'S HOLISTIC HEALTH CENTRE











**WELLNESS PROGRAMMES**

- Stress Management
- Weight Management
- Anti-ageing
- Detoxification
- Rejuvenation
- Ayurveda Special

**FEATURES**

- 30 acre certified organic farm
- 25 luxurious rooms (Deluxe to Suites)
- 44 treatment rooms
- Fresh ovo-vegetarian cuisine
- Library
- Walking track
- Herbal garden (Over 200 medicinal plants)
- Guest from over 70 nationalities

**MEDICAL PROGRAMMES**

- Arthritis Management
- Cardiac Hypertension
- Diabetes Management
- Asthma Management
- Neuro-muscular disorders
- De-addiction

**Awarded 'Best Wellness Centre' -Ministry of Tourism and**

**India's 1st NABH Accredited AYUSH Hospital for Ayurveda, Homeopathy, Yoga & Naturopathy**

**Soukya Road, Whitefield, Bangalore - 560 067. Tel: +91 80 28017000-08**

**Mob: +91 98453 74400 Email: info@soukya.com**

1948 സെപ്തംബർ 15-ന് ചർച്ച് വീക്കിലിയിൽ
**ശ്രീ റ്റി.ബി. തോമസ്** എം.എ.
എഴുതിയ ലേഖനം



# ശ്രീ കെ.സി. ചാക്കോയുടെ പ്രാർത്ഥനാജീവിതം

ശ്രീ കെ.സി. ചാക്കോയുടെ നിര്യാണ വാർത്ത അറിഞ്ഞപ്പോൾ കാനൻ ഡബ്ല്യു. ഇ. എസ്. ഹോളണ്ട് അവർകൾ ഇങ്ങനെ പറയുകയുണ്ടായി: "ശരീരമൊഴികെ അദ്ദേഹം ഇതുവരെ എവിടെ വസിച്ചിരുന്നുവോ അവിടേക്കാണു ശ്രീ കെ.സി. ചാക്കോ ഇപ്പോൾ പോയിരിക്കുന്നത്." അതെ, ശ്രീയേശുക്രിസ്തുവിന്റെ ദിവ്യസാന്നിദ്ധ്യത്തിലാണ് അദ്ദേഹം നിരന്തരമായി ജീവിച്ചിരുന്നത്. എന്നാൽ ഇഹലോകജീവിത പ്രശ്നങ്ങളിലൊ, സ്വജനങ്ങളിലൊ താല്പര്യമൊ ശ്രദ്ധയൊ ഇല്ലാത്ത നിഷ്ക്കാമനിർവൃതിപൂണ്ട ഒരു യതിശ്രേഷ്ഠൻ മാത്രമായിരുന്നുയെന്ന് അതിനർത്ഥമില്ല. നേരെ മറിച്ചായിരുന്നു അദ്ദേഹം. ലോകവ്യാപരങ്ങളിലും തന്റെ അനേകമിത്രജനങ്ങളിലും സജീവമായ താല്പര്യം അദ്ദേഹത്തിനുണ്ടായിരുന്നു. കേവലം അപരലോക മനുഷ്യനായി മാത്രം അദ്ദേഹം ജീവിച്ചിരുന്നുയെന്നു അദ്ദേഹത്തെപ്പറ്റി ചിന്തിക്കാവുന്നതല്ല. പിന്നെ എന്താണ് തന്റെ പ്രാർത്ഥനാജീവിതത്തിന്റെ പ്രത്യേകത? രാവിലേയും വൈകുന്നേരവും പ്രാർത്ഥനാ നിരതനായി ദീർഘസമയം ചെലവഴിച്ചിരുന്നതുകൊണ്ടാണോ അദ്ദേഹം ഒരു പ്രാർത്ഥനാ മനുഷ്യനായി സുകീർത്തിതനായിരുന്നത്? മറ്റു പലരും അദ്ദേഹത്തെ ആ കാര്യത്തിൽ അതിശയിക്കുന്നവരായി കണ്ടേക്കാം. ക്രമമായും നിഷ്ക്കർഷാപൂർവവും സഭയിലെ കൂദാശാപരമായും മറ്റുമുള്ള കൃപാമാർഗ്ഗങ്ങളെ അനുഭവീകമാക്കുന്നതിൽ അദ്ദേഹം ആർഭാടരഹിതമായ നിഷ്ഠയുള്ള ആളായിരുന്നു. അതാണോ അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിത വിജയരഹസ്യം? അതുമാത്രമല്ല തന്നേ ഒരു പ്രാർത്ഥനാമനുഷ്യനാക്കിത്തീർത്തത്. സമഗ്രമായ അപഗ്രഥനമൊന്നും കൂടാതെ തന്നെ ശ്രീ ചാക്കോയുടെ പ്രാർത്ഥനാജീവിതത്തിലെ സ്പുടപ്രഭമായ ചില പ്രത്യേകതകളെ ഇവിടെ ചൂണ്ടിക്കാണിക്കുവാൻ കഴിയും.

(1) എല്ലാ കാര്യങ്ങളിലും എല്ലായ്പ്പോഴും അദ്ദേഹം ശിശുസഹജമായ (childlike) ആശ്രയഭാവവും വിശ്വാസവും രക്ഷകനിൽ അർപ്പിച്ചിരുന്നു. ഒരു ക്രിസ്ത്യാനിയുടെ ദൈവവുമായുള്ള ജീവിതബന്ധത്തിൽ അനുപേക്ഷണീയമായ ഒരു മനോഭാവമായിട്ടാണ് ഇതിനെ അദ്ദേഹം പരിഗണിച്ചുവന്നത്.

ക്രൈസ്തവ ജീവിതത്തിൽ പലവിധ പ്രയാസങ്ങളെ അഭിമുഖീകരിക്കുന്ന സുഹൃത്തുക്കളുടെയും തന്റെയും ഉപയോഗത്തിനായി ശ്രീ ചാക്കോ തയാറാക്കിവന്ന ചെറിയ പ്രാർത്ഥനാസഹായികളുടെ മർമ്മപ്രധാനമായ ചിന്തയും ഇതു തന്നെയായിരുന്നു. ശിശുസഹജമായ ആ ആത്മാർത്ഥ വിശ്വാസമാണ് നമ്മുടെ ജീവിതത്തിലും പ്രാർത്ഥനകളിലും പ്രകാശിച്ചു നിഴലിക്കേണ്ടതെന്ന് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. പല രൂപത്തിലും പല വിധത്തിലുമുള്ള നിർവചനങ്ങൾ ആ ആത്മീയഭാവത്തിനു അദ്ദേഹം നൽകുമായിരുന്നു. Childlike trust, responsiveness, trustful openness, abiding എന്നും മറ്റും തന്റെ ടൈപ്പു ചെയ്ത പ്രാർത്ഥനാഷീറ്റുകളിൽ കാണുന്ന പദപ്രയോഗങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജീവിതയാഥാർത്ഥ്യങ്ങളായിരുന്നു. "സ്വന്ത പുത്രനെപ്പോലും നമുക്കെല്ലാവർക്കും വേണ്ടി ബലികഴിച്ചു തന്നവൻ അവനോടുകൂടി സകലവും നമുക്കെങ്ങനെ നൽകാതിരിക്കും?" (റോമ. 8:32) എന്ന വേദവാക്യത്തിലെ ആന്തരാർത്ഥം കൃതജ്ഞതാനിർഭരമായ മനോബോധ്യത്തോടുകൂടി അദ്ദേഹം അംഗീകരിച്ചിരുന്നു.

(2) ഒരു വിധത്തിൽ പറഞ്ഞാൽ ശ്രീ ചാക്കോയുടെ പ്രാർത്ഥനാജീവിതത്തിന്റെ പരിമാണം അദ്ദേഹം അതിനുവേണ്ടി ചെലവിട്ട സമയദൈർഘ്യമാണെന്ന് വിചാരിക്കാം. പക്ഷേ പ്രാർത്ഥനയ്ക്കുവേണ്ടി മാത്രം അദ്ദേഹം വേർതിരിച്ചുവച്ചിരുന്ന സമയങ്ങളുടെ ദൈർഘ്യതയല്ല ഇവിടെ കണക്കാക്കേണ്ടത്. യേശുക്രിസ്തുവിനാൽ മാത്രം നയിക്കപ്പെടുവാനുള്ള സന്നദ്ധതനിറഞ്ഞ വിശ്വാസജീവിതമാണ് പ്രാർത്ഥനയെങ്കിൽ ശ്രീ ചാക്കോയുടെ ജീവിതം ഉറക്കം ഉൾപ്പെടെ നിരന്തരമായ ഒരു പ്രാർത്ഥനയായിരുന്നെന്നു പരിഗ

ണിക്കാം. താൻ വായിച്ച്, അടയാളപ്പെടുത്തി, ധ്യാനിച്ച ബൈബിൾ ഭാഗങ്ങൾ, വേദശാസ്ത്രപരമായും ധ്യാന സഹായകമായും രചിച്ചിട്ടുള്ള നൂതനങ്ങളും പുരാതനങ്ങളും ആയ പ്രസിദ്ധീകരണങ്ങൾ, പ്രതിദിന ജീവിത സാഹചര്യങ്ങൾ, രാഷ്ട്രങ്ങൾ, സഭ, ലോക രംഗങ്ങൾ മുതലായവയിൽ കൂടെയെല്ലാം സ്നേഹമസൃണങ്ങളായ സന്ദേശങ്ങളും ദിവ്യ സംസർഗ്ഗ സന്ദർഭങ്ങളും തന്റെ രക്ഷകൻ അദ്ദേഹത്തിനു നൽകി.

(3) ഇതുസംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. പ്രാർത്ഥനാജീവിതത്തിൽ കൂട്ടായ്മയ്ക്കുള്ള സ്ഥാനത്തെപ്പറ്റി അദ്ദേഹത്തിനു സുവ്യക്തവും സുദൃഢവുമായ അഭിപ്രായമുണ്ടായിരുന്നു.

വ്യക്തികൾ പരാജയമടയുന്ന സ്ഥാനങ്ങളിൽ യേശുക്രിസ്തുവിനുവേണ്ടി ആത്മാർപ്പണം ചെയ്ത ചെറിയ സംഘങ്ങൾക്കു ജയം നേടുവാൻ കഴിയുമെന്നു അദ്ദേഹം ധരിച്ചിരുന്നു. സംഖ്യാബലമല്ല ആ വിജയകാരണം. ക്രിസ്തുവിനെ സ്വീകരിക്കുവാനുള്ള മാനസിക പശ്ചാത്തലസൃഷ്ടിയിൽ ഏകാവലംബമായ ക്രിസ്തുമാർഗ്ഗ ചരണത്തേക്കാൾ രണ്ടോ മൂന്നോ അതിലധികമോ സ്നേഹിതന്മാർ ചേർന്നു നടത്തുന്ന ആദ്ധ്യാത്മിക പ്രയത്നങ്ങളാണു സഫലമായിട്ടുള്ളത്. ആ പരമാർത്ഥം അനുഭവവേദ്യമാണ്.

മറ്റുള്ളവരുമായുള്ള കൂട്ടായ്മ, മാനുഷിക വിജ്ഞാനമോ നവംനവങ്ങളായ ആശയങ്ങളോ ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി അദ്ദേഹം കരുതിയിട്ടില്ല. ദൈവസ്നേഹത്തിന്റെ പ്രവർത്തനത്തിനു വിധേയമാകുന്നതിനാവശ്യമായ മനുഷ്യാത്മാവിന്റെ സ്വയം സമർപ്പണത്തിന് സഹായിക്കുന്ന ഒരു മാർഗ്ഗമായിട്ടാണ് കൂട്ടായ്മയെ അദ്ദേഹം ദർശിച്ചത്.

(4) ചെറിയ ചെറിയ പ്രാർത്ഥനാവാചകങ്ങൾ നിമിഷ പ്രാർത്ഥനകളായി അദ്ദേഹം ഉപയോഗിച്ചിരുന്നു. ഓരോ ദിവസവും തനിക്ക് ഏറ്റവും സഹായകമായി തോന്നിയ വാചകങ്ങൾ തന്റെ നോട്ടു പുസ്തകത്തിൽ കുറിച്ചിടാറുണ്ട്. ഹൃദയത്തേയും മനസ്സിനേയും ദൈവസന്നിധിയിലേക്കുയർത്തുന്നതിൽ ഇവ വഹിച്ച പങ്കു നിസ്സീമമായിരുന്നു. ക്രിസ്തുവിന്റെ വിശ്വസ്തതയും സ്നേഹസംപൂർണ്ണതയും സംബന്ധിച്ചു തനിക്കു ലഭിച്ചുകൊണ്ടിരുന്ന പുതിയ പുതിയ അനുഭവങ്ങൾക്ക് ഈ നിമിഷ പ്രാർത്ഥനകൾ അദ്ദേഹത്തെ ഗണ്യമായി സഹായിച്ചിരുന്നു. ഇങ്ങനെ ഭക്ഷണം, വിശ്രമം, നിദ്ര, ഓരോ മണിക്കൂറും ചെയ്യുന്ന ജോലികൾ മുതലായ സന്ദർഭങ്ങളിൽ മനഃപൂർവ്വമായ സുബോധമണ്ഡലത്തെ ഈശ്വരങ്കലേക്ക് ഉയർത്തുവാൻ സ്വായത്തമാക്കിയിരുന്ന ശീലം, നിരന്തരമായ ദൈവസാന്നിദ്ധ്യബോധവും അതിലുള്ള ആനന്ദവും അദ്ദേഹത്തിൽ വളർത്തുന്നതിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ചിരുന്നു. സന്തോഷപ്രദമോ, ക്ലേശനിർഭരമോ ആയ ഏതു സന്ദർഭങ്ങളിലും അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന ശാന്തതയുടെയും മനസ്സാന്നിദ്ധ്യത്തിന്റെയും രഹസ്യവും ഇതായിരുന്നു.

(5) ഏറ്റു പറയാത്തതും മോചനം ലഭിക്കാത്തതുമായ ഏതെങ്കിലും പാപമുണ്ടെങ്കിൽ അത് പ്രാർത്ഥനാജീവിതത്തെ സാരമായി വിഘ്നപ്പെടുത്തുന്ന ഒരു വിലങ്ങുതടിയാണെന്നു അദ്ദേഹത്തിന് ഉത്തമബോധ്യമുണ്ടായിരുന്നു. സുബോധമണ്ഡലത്തിൽ പരിശുദ്ധാത്മാവു കൊണ്ടുവരുന്ന ഏതു പാപത്തേയും വിശുദ്ധ സിംഹാസനത്തിൻ മുമ്പാകെ യഥാർത്ഥ പശ്ചാത്താപത്തോടുകൂടി ഏറ്റു പറയുന്നത് പ്രതിദിനമുള്ള തന്റെ സന്ധ്യാപ്രാർത്ഥനയുടെ പ്രധാനഭാഗമായിരുന്നു. അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന വിനയവിശേഷത്തിന്റെ രഹസ്യവും ഈ പ്രതിദിനക്കുമ്പസാരമായിരുന്നു. പ്രതിദിനം താൻ സമാർജ്ജിച്ചിരുന്ന കൃപാവരങ്ങളിൽ പ്രധാനമായ ഒന്നു പാപമോചനമായിരുന്നു. പാപത്തിന്റെ തനിനിറം, നമ്മെ സ്വർഗ്ഗസ്ഥപിതാവിൽനിന്നും സ്വഭവനത്തിൽ നിന്നും വഴി തെറ്റിച്ച്, ഏകാന്തതയുടെയും നിസ്സഹായതയുടെ മാനസിക വൈഷമ്യങ്ങളുടെയും ദുർഗ്ഗമപഥത്തിലൂടെ നയിക്കുകയാണെന്നും, പാപങ്ങൾ സ്നേഹസ്വരൂപനായ സ്വർഗ്ഗീയപിതാവിന്റെ ഹൃദയത്തെ മുറിവേല്പിക്കുന്ന കൂരമ്പുകളാണെന്നും, ക്രൂശിൻചുവട്ടിൽ യഥാർത്ഥ അനുതാപം നമുക്കു ലഭിക്കുന്നതാണെന്നും അദ്ദേഹം പലപ്പോഴും ഓർമ്മിക്കുമായിരുന്നു. പാപമോചനം പോലെ ക്രിസ്തുവിൽ ധാരാളമായി ലഭിക്കുന്ന കൃപാവരങ്ങൾ തന്നിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർക്കെല്ലാം ഒരുപോലെ ലഭ്യമാണെന്നുള്ള അദ്ദേഹത്തിന്റെ ദൃഢബോധം, മറ്റുള്ളവർക്കുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള അസംഖ്യങ്ങളായ മദ്ധ്യസ്ഥ പ്രാർത്ഥനകൾക്കു നിദാനമായിരുന്നു. നൂറ്റാണ്ടുകളിൽ മാത്രം പ്രകാശിക്കുന്ന ചില ചൈതന്യഗോളം പോലെയുള്ള ആ മഹാപുരുഷനെ അടുത്തറിയാൻ സാധിച്ചിട്ടുള്ളവർക്കെല്ലാം ആ പ്രാർത്ഥനാ ജീവിതത്തിന്റെ പ്രചോദനങ്ങൾ ലഭിച്ചിട്ടുണ്ട്. ◎

**ബൈബിൾ ചിന്തകൾ-95**

പ്രൊഫ. എം.വൈ. യോഹന്നാൻ



# ശുഭതീരമണയുവാൻ

“നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റു വരും” (ദാനിയേൽ 12:13).

ആലുവ യു.സി. കോളേജിനും ഫെല്ലോഷിപ്പ് ഹൗസിനും മറക്കാനാകാത്ത ഒരു അതുല്യപ്രതിഭയാണ് ആദരണീയനായ കെ.സി. ചാക്കോ സാർ. അദ്ദേഹത്തിന്റെ ഭാവനാവിലാസം കൊണ്ടാണ് ആലുവ ഫെല്ലോഷിപ്പ് ഹൗസ് സ്ഥാപിതമായത്, വളർച്ച നേടിയത്, അനേകർക്ക് സങ്കേതവും അഭയസ്ഥാനവും ആയിത്തീരാനിടയായത്.

അലക്സാണ്ടർ പോപ്പ് എന്ന മഹാകവി പറഞ്ഞിട്ടുണ്ട്:

"In Poets as true genius is but rare,
True Taste as seldom is the Critic's share;
Both must alike from
Heav'n derive their light."

കവികളിൽ പ്രതിഭാധനന്മാർ ചുരുക്കമാണ്. നിരൂപകന്മാരിലും പ്രതിഭാശാലികൾ ചുരുക്കമാണ്. എന്നാൽ കവിയാണെങ്കിലും നിരൂപകനാണെങ്കിലും അവർ പ്രതിഭ ആർജ്ജിച്ചതും തെളിയിക്കപ്പെട്ടതും അവരുടെ സിദ്ധിയും സാധനയും കൊണ്ടാണ്. സിദ്ധി ഉള്ളവരുണ്ട്, പക്ഷെ സാധന എല്ലാവരിലും ഉണ്ടാകണമെന്നില്ല. സാധന ഉള്ളവരുണ്ട്, പക്ഷെ അവർക്ക് സിദ്ധി ഉണ്ടാകണമെന്നില്ല. സിദ്ധിയും സാധനയും ഒരുമിച്ച് ഉള്ളവർ തുലോം ചുരുക്കമാണ്. കാരണം, അവർ സ്വർഗ്ഗീയ മഹത്വത്തിൽ നിന്നു പ്രകാശം ആർജ്ജിക്കുന്നു. അങ്ങനെയുള്ള ഒരു അതുല്യപ്രതിഭാശാലിയായിരുന്നു യശഃശരീരനായ കെ.സി. ചാക്കോ സാർ.

മഹാത്മാക്കളുടെ വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ അനന്തര തലമുറകളിലേക്ക് ആവേശം പകരുന്നവയാണ്. അബ്രാഹാമിൽ നിന്ന് യിസ്ഹാക്കിലേക്കും, യിസ്ഹാക്കിൽ നിന്ന് യാക്കോബിലേക്കും, യാക്കോബിൽനിന്ന് യൗസേഫിലേക്കും പകർന്ന ദൈവവിശ്വാസത്തിന്റെ ഉൾക്കാതലാണ് ഇന്നും തലമുറകളെ പ്രകമ്പനം കൊള്ളിക്കുന്നത്. ഈ പൂർവ്വപിതാക്കന്മാരുടെ ജീവിതം എന്നും സംഘർഷഭരിതമായിരുന്നു. എന്നാൽ അവരുടെ ജീവിതത്തിലെ ദൈവവിശ്വാസദാർഢ്യം സ്മാരകസ്തംഭങ്ങളായി നാം കാണുന്നു. അവയിൽ നിന്ന് പിൽക്കാല തലമുറയ്ക്ക് ആശ്വാസവും ആവേശവും ലഭിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹത്തിലും വിശ്വാസത്തിലും നാം അഭയം തേടുമെങ്കിൽ തലമുറകളിലേക്ക് കൈ മാറുന്ന ശാന്തിയുടെ ഉറവുകളായി നമുക്കും തീരാം.

അപ്പൊസ്തലനായ പൗലൊസ് പ്രത്യാശയുടെ ഉറപ്പോടെ പറഞ്ഞു: “ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നല്കും” (2 തിമോ 4:7-8).

“എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ” (ഫിലിപ്യർ 1:21-23).

നിത്യതയിൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കുക എന്ന ശ്രേഷ്ഠകരമായ അനുഭവത്തിനായി അപ്പൊസ്തലൻ അതിയായി ആഗ്രഹിക്കുന്നു. പക്ഷെ ഈ ഭൂമിയിൽ തന്നേ ഭരമേല്പിച്ചിരിക്കുന്ന സുവിശേഷവേല തികയ്ക്കേ

ണ്ടതുണ്ട്. പൗലൊസ് സ്ലീഹായുടെ ദാർശനികമായ ഈ ആശയങ്ങളുടെ പൊരുളാണ് അദ്ദേഹത്തിന്റെ സുവിശേഷവേലയുടെയും ലേഖനങ്ങളുടെയും പിന്നിൽ തുടിച്ചു കൊണ്ടിരുന്നത്. നിത്യതയിൽ തന്റെ പ്രാണപ്രിയനായ ക്രിസ്തുവിനോടു കൂടെ ആയിരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പരമലക്ഷ്യം.

"ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു" (വെളിപ്പാട് 14:13). കർത്താവിൽ മരിക്കുന്നവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു. ഈ ഭൂമിയിൽ ജീവിക്കുന്ന കാലത്ത് വിശുദ്ധിയെ തികച്ച് വിശ്വാസത്തിൽ അധിഷ്ഠിതമായ വിശുദ്ധ ജീവിതം നയിക്കുന്നവർക്ക് ശ്രേഷ്ഠമായ പ്രതിഫലം ലഭിക്കുന്നു.

കർത്താവിൽ മരിക്കുന്നവർക്ക് മരണം ഒരു വിശ്രമമാണ്. അധ്വാനഭാരമുള്ള മനുഷ്യൻ ജോലി ചെയ്ത് ക്ഷീണിച്ച് തളർന്ന് ഒന്നു വിശ്രമിക്കാൻ ഇരിക്കുന്നതുപോലെ അവർക്ക് മരണം വഴിയായി ഒരു വിശ്രമം ലഭിക്കുകയാണ്.

"ഞാനോ, നീതിയിൽ നിന്റെ മുഖത്തെ കാണും; ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും" (സങ്കീ. 17:15) ("When I awake in heaven I would be fully satisfied for I will see you face to face" (Living Bible) ഞാൻ നീതീകരിക്കപ്പെട്ടവനായി നിന്റെ മുഖത്തെ കാണും. ഞാൻ സ്വർഗ്ഗത്തിൽ ചെന്ന് ഉണരും. അപ്പോൾ ഞാൻ നിന്നെ മുഖാമുഖം കണ്ട് തൃപ്തനാകും.

പ്രശസ്ത ആംഗലേയ കവിയായ ലോർഡ് ടെന്നിസൻ പാടി:

"Death be not proud,
a short sleep
and I will wake up again eternally
a short voyage
and I will meet my maker face to face."

*മരണമേ നീ അഹങ്കരിക്കേണ്ട. ഒരു ചെറിയ ഉറക്കം മാത്രം. ഞാൻ വീണ്ടും നിത്യതയിൽ ഉണരും. ഒരു ചെറിയ കപ്പൽ യാത്ര; അക്കരെ എത്തി ഞാൻ എന്റെ സ്രഷ്ടാവിനെ മുഖാമുഖം കാണും.*

ഭരണാധികാരികൾ തന്നേ വധിക്കുമെന്ന് ഉറപ്പായിരിക്കുന്ന സമയത്തും ഇത്ര സന്തോഷവാനായി ഇരിക്കുന്നതെങ്ങനെ എന്നു ചോദിച്ച ശിഷ്യനോട് സോക്രട്ടീസ് പറഞ്ഞു: "മനുഷ്യസത്തമന്മാരോട് കൂടെ മാത്രമല്ല, ദൈവത്തോട് കൂടെയും ജീവിക്കുന്നതിനാണ് പോകുന്നതെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു." താൻ നിത്യതയിലേക്ക് പ്രവേശിക്കുമ്പോൾ വിശുദ്ധന്മാരോടു കൂടെ മാത്രമല്ല, ദൈവത്തോടു കൂടെയും ജീവിക്കുമെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. വില്യം ഷേക്സ്പിയർ തന്റെ മരണപത്രികയിൽ എഴുതി: "ഞാൻ നിത്യജീവന് അവകാശിയാകും എന്നുള്ള പ്രത്യാശയോടുകൂടെ എന്റെ ആത്മാവിനെ ദൈവത്തിന്റെ കരങ്ങളിൽ ഭരമേല്പിക്കുന്നു."

സുപ്രസിദ്ധ സുവിശേഷകനായിരുന്ന ഡി. എൽ. മൂഡി തന്റെ മരണസമയത്തു പറഞ്ഞു: "ഇന്ന് എന്റെ കിരീടധാരണ ദിവസമാണ്. സ്വർഗ്ഗത്തിൽ വലിയ ആഘോഷമാണ്. മാലാഖമാർ ആർപ്പിടുകയാണ്. നിങ്ങൾ സന്തോഷിപ്പിൻ. എന്തിനു കരയുന്നു." കരയുന്ന പ്രിയപ്പെട്ടവരെ ആശ്വസിപ്പിച്ചുകൊണ്ട് അദ്ദേഹം കണ്ണുകളടച്ചു. സമാധാനത്തിന്റെ, സന്തോഷത്തിന്റെ ഒരു മരണം.

ജീവിതത്തിൽ വന്നുപോയ സകല പാപങ്ങളും യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകിക്കിട്ടിയതായ അനുഭവത്തോടെ, ആത്മാവിൽ പൂർണ്ണ വിശുദ്ധി അനുഭവിച്ചുകൊണ്ട്, സമാധാനത്തോടെ, പ്രസന്നതയോടെ മരണത്തെ നേരിടുവാൻ കഴിയുന്നവരാണ് യഥാർത്ഥ ഭാഗ്യശാലികൾ. മരണസമയത്ത് സ്വർഗ്ഗീയ ദൂതന്മാർ ഇറങ്ങിവന്ന് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന അനുഭവം. നിത്യതയുടെ കൂടാരത്തിലേക്ക് കടന്നു ചെല്ലുമ്പോൾ രാജാധിരാജനായ ക്രിസ്തു നേരിട്ട് നമ്മെ എതിരേല്ക്കുന്നതായ ഭാഗ്യകരമായ അനുഭവം. കർത്താവിൽ ജീവിച്ച് കർത്താവിൽ മരിക്കുക എന്ന ശ്രേഷ്ഠമായ ആ അനുഭവം പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ◎

1950 സെപ്തംബർ 17-ന്
ചർച്ച് വീക്കിലിയിൽ വന്ന മുഖപ്രസംഗം



# മൂന്നാം ചരമവാർഷികം

ഏതൊരു പുണ്യപുരുഷനാണ് ചർച്ച് വീക്കിലിയുടെ ഉത്ഭവത്തിന് കാരണഭൂതൻ, ആ മഹാത്മാവിന്റെ മൂന്നാം ചരമവാർഷികദിനമാണ് 1950 സെപ്റ്റംബർ 15-ാം തീയതി. മറക്കുവാൻ വഹിയാത്ത കടപ്പാടുകൾകൊണ്ട് സ്നേഹബദ്ധരായ ഒരു സ്നേഹിതവർഗ്ഗമാണ് അദ്ദേഹത്തിന്റെ പ്രധാന സമ്പാദ്യം. അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും ത്യാഗസേവനങ്ങളുടെ സ്മാരകമായി പരിലസിക്കുന്ന യൂണിയൻ ക്രിസ്ത്യൻ കോളജോ, ആലുവാ സെറ്റിൽമെന്റോ, അദ്ദേഹത്തിന്റെ സൽപ്രേരണകൾമൂലം സ്ഥാപിതങ്ങളായ തടാകം ആശ്രമം പോലെയുള്ള മറ്റു സ്ഥാപനങ്ങളോ ഒന്നും ഈ സ്നേഹിതവർഗ്ഗത്തിന്റെ ആത്മീയചൈതന്യം പോലെ അദ്ദേഹത്തിന്റെ ശ്രദ്ധയെയൊ പ്രാർത്ഥനയെയോ ആകർഷിച്ചിരുന്നില്ല. ക്രൈസ്തവസ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മാതൃകായോഗ്യരായ പലരെ നാം അറിഞ്ഞുവെന്നുവരാം. കൃത്യനിഷ്ഠയും സേവനസന്നദ്ധതയും തികഞ്ഞ മിഷനറിമാരെ നാം പരിചയപ്പെട്ടുവെന്നുവരാം. മുഴുവൻ സമയവും ക്രിസ്തുമതപരമായ ജോലി സ്വീകരിച്ചിരിക്കുന്ന പുരോഹിതന്മാർ, മതാദ്ധ്യക്ഷന്മാർ മുതലായവരുമായി നമുക്കു അടുത്ത സമ്പർക്കമുണ്ടായിരിക്കാം. എന്നാൽ ഇവരിൽ ദൈവതിരുനാമമഹത്വവും ദൈവരാജ്യസ്ഥാപനവും ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് അഭിവാഞ്ഛിക്കുകയും, മറ്റേതുകാര്യത്തെയുംകാൾ കൗതുകപൂർവ്വം പരിഗണിക്കുകയും ചെയ്യുന്ന മഹാത്മാക്കളെ വളരെ അപൂർവമായി മാത്രമെ നാം കണ്ടുകാണുകയുള്ളൂ. തനിച്ചിരിക്കുമ്പോൾ, മറ്റാരും നമ്മുടെ സമീപെ ഇല്ലാതിരിക്കുന്ന അവസരത്തിൽ, യാതൊരു നിർദ്ദിഷ്ടജോലികളും ചെയ്യാതെ, മാനസികവിശ്രമസുഖം അനുഭവിക്കുമ്പോൾ, ആദ്യം നമ്മുടെ മനസ്സിൽ വന്നെത്തുന്ന കാര്യമെന്തായിരിക്കുമെന്നു കണ്ടാൽ നമ്മുടെ താല്പര്യങ്ങൾ എവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് കണ്ടുപിടിക്കാൻ പ്രയാസമില്ലെന്ന് ഏതോ മാനസികശാസ്ത്രപുസ്തകത്തിൽ വായിച്ചറിയുവാൻ ഇടയായിട്ടുണ്ട്. ഒരാൾക്ക് അയാളുടെ ബിസിനസ്സ് കാര്യങ്ങളായിരിക്കും മനസ്സിൽ വരുന്നത്. മറ്റു ചിലർക്ക് അവർ ബന്ധപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പും പുരോഗതിയും പ്രശ്നങ്ങളുമായിരിക്കും മനസ്സിൽ വരുന്നത്. യശസ്സും ധനവും അധികാരവും ജഢമോഹങ്ങളുമെല്ലാം അവരവരുടെ ഹൃദയസാഹചര്യങ്ങൾ അനുസരിച്ച് അവരവരെ ആകർഷിക്കും. "For me to live is Christ and to die is gain" (എനിക്കു ജീവിക്കുന്നത് ക്രിസ്തുവാണ്; മരിക്കുന്നത് ലാഭവുമാണ്) എന്ന് വി. പൗലോസ് അപ്പോസ്തോലനെപ്പോലെ ആത്മാർത്ഥമായി പറയുവാൻ കഴിയുന്ന എത്രപേരെ നാം കണ്ടിട്ടുണ്ട്. വളരെ അപൂർവമായി മാത്രം നൂറ്റാണ്ടുകളിൽ ചിലപ്പോൾ പ്രത്യക്ഷപ്പെടാറുള്ള ദിവ്യവ്യക്തികളാണവർ. ശ്രീ. കെ.സി. ചാക്കോയെ അടുത്തറിയുവാൻ കഴിഞ്ഞവർക്കറിയാം അദ്ദേഹത്തിന്റെ ആത്മാർത്ഥമായ ലക്ഷ്യമെന്തായിരുന്നുവെന്ന്. "For me to live is Christ and to die is gain" എന്ന് വിനയമൂർത്തിയായ അദ്ദേഹം പറയുമായിരുന്നില്ല. പക്ഷെ അദ്ദേഹത്തിനത് പറയുവാൻ അവകാശമുണ്ടായിരുന്നു. ഇരുപത്തഞ്ചു കൊല്ലങ്ങളിലധികം അദ്ദേഹത്തെ വളരെ അടുത്തറിയുവാൻ ഭാഗ്യം സിദ്ധിച്ച സ്നേഹിതസംഘത്തിനറിയാം ഈ സാക്ഷ്യത്തിൽ യാതൊരു അതിശയോക്തിയും കലർന്നിട്ടില്ലെന്ന്. അര ശതാബ്ദത്തോടടുത്ത് ഭാരതീയ രാഷ്ട്രീയ നഭോമണ്ഡലത്തിൽ അദ്വിതീയ പ്രഭാപ്രസരം പൊഴിച്ച മഹാത്മജിയുടെ നിരന്തരമായ പ്രസംഗങ്ങൾക്കെല്ലാം എന്നും ഒരു പുതുമയുണ്ടായിരുന്നു. പക്ഷെ, പറയുന്നതെല്ലാം ഒരു കാര്യം തന്നെ - സത്യം, സഹനസമരം, അക്രമരാഹിത്യം, ചർക്ക; ഇവയെ സ്പർശിക്കാത്ത ഒരു പ്രസംഗവും അദ്ദേഹം നടത്തിയിട്ടില്ലെന്നു തോന്നുന്നു. പ്രതിദിനമെന്നോണം അദ്ദേഹം നടത്തിയിരുന്ന പ്രാർത്ഥനായോഗപ്രസംഗങ്ങൾ എല്ലാം നവചൈതന്യത്തോടുകൂടി ഈ വിഷയങ്ങളെയാണ് പ്രതിപാദിച്ചിരുന്നത്. ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു മുമ്പ് ശ്രീ കെ.സി. ചാക്കോയുടെ പ്രാർത്ഥനാഗ്രൂപ്പിൽ

ചേർന്നവർ Self centred old man, Forgiveness, New childlike spirit, Commending Christ to others എന്നിത്യാദി ചില പദപ്രയോഗങ്ങൾ അദ്ദേഹത്തിന്റെ പ്രാർത്ഥനാ സഹായക്കുറിപ്പുകളിൽ കണ്ടുകാണാം. കാൽ ശതാബ്ദത്തിനുശേഷം അദ്ദേഹം വീരമരണം പ്രാപിച്ച വർഷത്തിൽ തയാറാക്കിയ പ്രാർത്ഥനാ കുറിപ്പുകളിലും അവ തന്നെ മറ്റൊരു രൂപത്തിൽ കാണാം. അമാനുഷികമായ ഒരു അഗാധ അനുഭവബോദ്ധ്യത്തിന്റെ ഒരു ലക്ഷണമാണ് ഈ രണ്ടു മഹാത്മാമാതൃകകളിൽ നാം ദർശിക്കുന്നത്. ജീവിതസർവസ്വമായി കരുതുന്ന കാര്യങ്ങൾ അല്ലാതെ ഇത്രയും കൊല്ലങ്ങൾ ഒരേ സംഗതി സ്ഥിരമായി താല്പര്യപൂർവ്വം ഉരുവിടുവാൻ സാദ്ധ്യമല്ലല്ലോ. അത്യഗാധമായ ഒരു ദൈവിക ജീവിതാനുഭവത്തിന്റെ സാക്ഷാൽക്കാരമായിരുന്ന ശ്രീ. കെ.സി. ചാക്കോയുടെ മൂന്നാം ചരമവാർഷികദിനത്തിൽ ഒരു പ്രധാന സംഗതി അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ സ്മൃതിപഥത്തിൽ വരുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കോളേജ് അദ്ധ്യാപകജീവിതത്തിൽനിന്ന് വിരമിച്ച ശേഷം അദ്ദേഹത്തിന് പ്രത്യേകമായിരുന്ന ചില രീതികൾ അനുസരിച്ച് ചില സേവനപദ്ധതികൾ അദ്ദേഹം തയ്യാറാക്കിയിരുന്നു. അദ്ദേഹത്തിന്റെ അനന്തരജീവിതം അങ്ങനെ പ്രയോജനപ്രദമായി തീരുവാൻ തക്ക സൗഭാഗ്യം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കു ലഭിച്ചില്ല. ആലുവാ കോളേജിനും സെറ്റിൽമെന്റിനും ഇടയ്ക്കു സ്ഥിതി ചെയ്തിരുന്ന ഏകദേശം 30 ഏക്കർ വിസ്തീർണ്ണമുള്ള ഒരു ആസ്ഥാനം തന്റെ അനന്തര പ്രവർത്തന കേന്ദ്രമായി അദ്ദേഹം തെരഞ്ഞെടുത്തു. ഏറ്റവും കുശാഗ്രബുദ്ധികളും തന്റേടികളുമായ നിയമവിശാരദന്മാർപോലും അമ്പരന്നുപോകുന്ന നിയമക്കുരുക്കുകൾ മൂലം തൊടാൻ വയ്യാതിരുന്ന ഒരു സ്ഥലം അദ്ദേഹം കൈവശപ്പെടുത്തിയ സംഗതി തന്നെ ഒരു മഹാത്ഭുതമാണ്. അരച്ചക്രം കയ്യിലില്ലാതെ സ്നേഹിത ബന്ധു സഹകരണത്തോടുകൂടി ഈ കാര്യം സന്മാർഗ്ഗനിരതമായ അദ്ദേഹത്തിന്റെ ആദർശജീവിതത്തിന് യാതൊരു ഹാനിയും തട്ടാതെ അദ്ദേഹം സാധിച്ചുവെന്ന് പറഞ്ഞാൽ കഴിഞ്ഞല്ലോ. അതിനുവേണ്ടി വാങ്ങേണ്ടിവന്ന കടവും മറ്റും മിക്കവാറും വീട്ടി, ഇപ്പോൾ ഏകദേശം 20 ഏക്കറിനടുത്ത ഭൂമി അദ്ദേഹം താമസിച്ചിരുന്ന വീടിനു ചുറ്റും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെയും അദ്ദേഹത്തോട് ഏറ്റവും അടുത്തു പെരുമാറിയിരുന്ന സ്നേഹിത സംഘത്തിന്റെയും ആലോചനകളിൽ പെട്ടിരുന്ന ചില പദ്ധതികൾ നടപ്പിലാക്കുവാനുള്ളതിന്റെ ഒരു പ്രാരംഭം ഈ മൂന്നാം ചരമവാർഷികത്തിന് മുമ്പെങ്കിലും സാധിക്കുവാനിടയായത് ആശാവഹമായിരിക്കുന്നു. ആലുവാ സെറ്റിൽമെന്റു പ്രവർത്തകനായ ശ്രീ. എം. തൊമ്മനും, ശ്രീ. ചാക്കോയുടെ മാന്യസുഹൃത്തുക്കളിൽപ്പെട്ട ദിവ്യശ്ശ്രീ മല്പാൻ സി.ജെ. സ്കറിയാ അവർകളും ഇപ്പോൾ പ്രാരംഭപ്രവർത്തനങ്ങളിൽ മുഴുവൻ സമയവും വിനിയോഗിച്ചു തുടങ്ങിയിരിക്കുകയാണ്. ആദ്ധ്യാത്മികവിശ്രമം ആഗ്രഹിക്കുന്നവർക്ക് ഒരു തൽക്കാല വിശ്രമസങ്കേതമാകാവുന്ന ഒരു റിട്രീറ്റ് ഹൗസ്, കോളേജ് അദ്ധ്യേതാക്കളുമായുള്ള സമ്പർക്കം പുലർത്തുവാനുള്ള പദ്ധതികൾ, ഇടവക സന്ദർശനം, കോളേജ് കേന്ദ്രങ്ങൾ സന്ദർശിക്കുക, സാധാരണ ജീവിതസാഹചര്യങ്ങളിൽ ക്രൈസ്തവ ജീവിതചൈതന്യം യഥാർത്ഥമായി തീരുവാൻ സഹായകമായ മറ്റു പരിപാടികൾ ഇവയെല്ലാം സുറിയാനി സഭയുടെ ഒരു പുരോഗമനപദ്ധതിയുടെ ശാഖാപ്രവർത്തനങ്ങളായി സംഘടിപ്പിക്കണമെന്ന് ശ്രീ. ചാക്കോ അഭിലഷിച്ചിരുന്നു. ഇതര ക്രൈസ്തവ സഭകളുമായി സൗഹാർദ്ദം സ്ഥാപിക്കുവാൻ ശ്രമിച്ചിരുന്ന ഈ മഹാനുഭാവന് സ്വന്ത സഭയുടെ അഭ്യുന്നതി സഭാ ഐക്യപ്രസ്ഥാനങ്ങൾക്ക് അത്യന്താപേക്ഷിതമെന്ന് തോന്നിയിരുന്നു. ദൈവഹിതത്തിനും തിരുനാമമഹത്വത്തിനും വിധേയമായി തീരുന്ന ഒരു യാക്കോബായ സുറിയാനി സഭയ്ക്കല്ലാതെ സഭാ ഐക്യം കൊണ്ട് ഹൈന്ദവഭാരത സേവനത്തിന് കൂടുതൽ സംഭാവനകൾ നൽകുവാൻ കഴിയുകയില്ലെന്ന് അദ്ദേഹം കണ്ടു. അങ്ങനെ യാക്കോബായ സഭയുടെ സമാധാനത്തിലേക്ക് തന്റെ തീവ്രശ്രദ്ധ പതിഞ്ഞു. ആ മഹായജ്ഞത്തിൽ അദ്ദേഹം ചരമമടഞ്ഞു. അദ്ദേഹത്തിന്റെ സാക്ഷാൽക്കരിക്കപ്പെടാത്ത ദിവാസ്വപ്നങ്ങൾ തന്റെ സ്നേഹിതസംഘത്തിന്റെയും സുഹൃത്തുക്കളുടെയും ശിഷ്യഗണങ്ങളുടെയും ഭക്തിനിഷ്ഠാഭരിതമായ പരിശ്രമങ്ങളെ കാത്തു നിലകൊള്ളുന്നു. ഈ ചരമവാർഷികദിനം ആ കർത്തവ്യബോധത്തിന്റെ അനുസ്മരണാവസരമായിത്തീരട്ടെ. ◎

കെ.സി.സി. സ്മരണ

ഏലിയാമ്മ വർഗ്ഗീസ്





# ഒരു വൃദ്ധയുടെ ഓർമ്മച്ചെപ്പിൽ നിന്ന്

കേരളം കണ്ടിട്ടുള്ള ധന്യാത്മാക്കളിൽ ഒരാളാണ് കെ.സി. ചാക്കോ സാർ എന്നുപറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഇല്ല. ഫെലോഷിപ്പ്, എക്യുമെനിസം എന്ന രണ്ട് ആശയങ്ങൾ ഒരു പക്ഷിയുടെ രണ്ടു ചിറകുകൾ പോലെയാണെന്നാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്. അത് പ്രായോഗികമാക്കാൻ അദ്ദേഹത്തിനു സാധിച്ചു. പ്രാർത്ഥനയ്ക്കു മുൻതൂക്കം കൊടുത്തുകൊണ്ടാണ് എല്ലാ പ്രവൃത്തികളും അദ്ദേഹം ആരംഭിച്ചിരുന്നത്. ഒരു സത്യക്രിസ്ത്യനിയുടെ മകുടമായ പ്രാർത്ഥന, പ്രവൃത്തി, വിശ്വാസം എന്നിവയിൽ അദ്ദേഹം ഉറച്ചുനിന്നു.

അദ്ദേഹത്തിന്റെ വലിയ ഒരാഗ്രഹമായിരുന്നു ആലുവായിൽ ഒരു കോളജ് ഉണ്ടാക്കണമെന്നത്. തന്റെ രോഗത്തേപ്പറ്റിപ്പോലും ചിന്തിക്കാതെ നിരന്തരമായ പ്രാർത്ഥനയും പ്രയത്നവുംകൊണ്ട് അത് സാധിച്ചെടുത്തു. ദൈവത്താൽ സാധ്യമല്ലാത്തത് ഒന്നുമില്ല എന്ന ഉത്തമവിശ്വാസത്തിൽ ദൈവത്തെ മുറുകെ പിടിച്ച് എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് ആലുവായിൽ യു.സി. കോളജ് സ്ഥാപിച്ചു. അദ്ദേഹത്തിന്റെ കൂടെ ഉത്തമന്മാരായ സ്നേഹിതന്മാർ സഹപ്രവർത്തകരായി ഉണ്ടായിരുന്നു.

എക്യുമെനിസത്തെ തന്റെ പ്രാണവായുവിനെപ്പോലെ കരുതി, 'ഫെലോഷിപ്പ്' എന്ന കവചവും ധരിച്ചായിരുന്നു അദ്ദേഹം കാര്യങ്ങൾ നടത്തിയത്. ആലുവ ഫെലോഷിപ്പ് ഹൗസ് ഇതിന് ഉത്തമ ഉദാഹരണമാണ്. ഇതിൽ പ്രമുഖന്മാരായ പല വ്യക്തികളും അംഗങ്ങളായിരുന്നു. കൂട്ടായ പ്രാർത്ഥന, ധ്യാനം, പ്രസംഗം, ബൈബിൾ ക്ലാസ് ഇവയെല്ലാം ഇവിടെ നടന്നു വന്നിരുന്നു. വിശാലമായ ചാക്കോ ഗാർഡൻസിലാണ് അദ്ദേഹം താമസിച്ചിരുന്നത്. ഈ ഘട്ടത്തിൽ ചാക്കോ സാറിൽനിന്നും പ്രചോദനം ലഭിച്ച ശ്രീ. എം. തൊമ്മൻ ചാക്കോ സാറിനെ സഹായിക്കാനായി എത്തി. അങ്ങനെ എം. തൊമ്മൻ സാർ ഫെലോഷിപ്പ് ഹൗസിന്റെ സ്ഥാപക സെക്രട്ടറിയായി ഏകദേശം 30 കൊല്ലം പ്രവർത്തിച്ചു.

എനിക്ക് ഏകദേശം 8 വയസ്സ് പ്രായമുള്ളപ്പോൾ കെ.സി. ചാക്കോ സാറിനെ നേരിൽ കാണാൻ സാധിച്ചത് ഇന്നും ഞാൻ അതീവ സന്തോഷത്തോടെ ഓർമ്മിക്കുന്നു. എന്റെ കുടുംബം ആലപ്പുഴയിൽ താമസിക്കുന്ന കാലത്ത് കെ.സി. ചാക്കോ സാർ, ഡോ. വി.കെ. അലക്സാണ്ടർ എന്നിവർ ആലപ്പി ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വന്ന് താമസിക്കുമായിരുന്നു. ആ സമയത്ത് ഞാൻ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി സൺഡേ സ്കൂളിൽ പഠിക്കുകയായിരുന്നു. ആയിടെ സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തിയ ഒരു ക്വിസ് പ്രോഗ്രാമിൽ എനിക്ക് ഒന്നാം സമ്മാനം ലഭിച്ചു. അതിന്റെ സമ്മാനം കെ.സി. ചാക്കോ സാറിൽ നിന്ന് സ്വീകരിക്കാൻ കഴിഞ്ഞു എന്നത് സന്തോഷത്തിനു കാരണമായി. കോട്ടയംകാരനായ എന്റെ അപ്പച്ചന് കെ.സി. ചാക്കോ സാറിനെ പരിചയമുണ്ടായിരുന്നതുകൊണ്ട് അപ്പച്ചനിൽനിന്നാണ് അദ്ദേഹത്തെപ്പറ്റി കൂടുതൽ അറിഞ്ഞത്.

ഫെലോഷിപ്പ് ഹൗസിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന ചർച്ച് വീക്കിലി വളരെ ചെറുപ്പത്തിൽതന്നെ വായിക്കുമായിരുന്നു. ഡോ. വി.കെ. അലക്സാണ്ടർ സാർ എഴുതിയിരുന്ന ബാലപംക്തിയിലെ "ബാലന്റെ കുസൃതികൾ" എന്ന ഹാസ്യകഥ ആയിരുന്നു എനിക്ക് താല്പര്യം. ആ പ്രായത്തിൽ അതൊക്കെ വായിച്ചു മനസ്സിലാക്കാനുള്ള കഴിവേ ഉണ്ടായിരുന്നുള്ളൂ.

അനേക വർഷങ്ങൾ കഴിഞ്ഞ്, ആലുവ ഫെലോഷിപ്പ് ഹൗസിലെ സീനിയർ സിറ്റിസൻ ഹോമായ ചാക്കോ ഹോംസിൽ ഞാനും ജോർജുകുട്ടിയും താമസിക്കാൻ വന്നതോടെ ഈ സ്മരണകൾക്ക് പുതുജീവൻ ലഭിക്കുകയാണ്. ◎

# ബാങ്ക് ഓഫ് ഇന്ത്യ

## യു.സി. കോളജ് ശാഖ, ആലുവ

ടെലഫോൺ : 0484 2603838, 2606491
Mob : 9496310982

**താഴെക്കാണുന്ന നിക്ഷേപപദ്ധതികളും വായ്പാ പദ്ധതികളും ബാങ്കിൽ ലഭ്യമാണ്.**

| | |
|---|---|
| സേവിംഗ്സ് ബാങ്ക് നിക്ഷേപം | മുതിർന്ന പൗരന്മാർക്ക് കൂടുതൽ പലിശ |
| ഹ്രസ്വകാല/ദീർഘകാല | ATM, BTM, Net Banking സൗകര്യങ്ങൾ |
| സ്ഥിരനിക്ഷേപങ്ങൾ | ഭവന വായ്പ |
| പ്രവാസി (NRE) നിക്ഷേപങ്ങൾ | വാഹന വായ്പ |
| റിക്കറിംഗ് നിക്ഷേപങ്ങൾ | വ്യാപാര വായ്പ |
| ഇൻഷുറൻസ് പദ്ധതികൾ | സ്വർണ്ണപ്പണയ വായ്പ |
| സ്വർണ്ണനാണയങ്ങൾ | കാർഷിക വായ്പ |

വിശദവിവരങ്ങൾക്ക്
മാനേജരുമായി ബന്ധപ്പെടുക.

Article by
**Sri M. Thommen,** B.A.
in the Church Weekly dated October 12, 1947.



# The Late Sri K. C. CHACKO

## A TRIBUTE

(A speech made at the memorial meeting held in the U.C. College, Alwaye, on Sept. 24th 1947.)

We have met to mourn the loss of a great man, and a great saint. It was with considerable diffidence, though by no means reluctantly, that I agreed to say a few words on this occasion. It is in some ways very difficult to speak of one who has meant more to us than words can say. Besides, one has a feeling that any attempt on our part to say or do anything in appreciation of him will be far from what he himself would have wished. There is only one reason which prompted me to add my humble tribute to that of many others, and it is this: Any sincere testimony to what he was and stood for might be a means of furthering the one object which held unbroken sway over his whole life, namely, the bringing of everyone and everything including himself to the total rule of God. For him indeed to live was Christ.

But I do not want in speaking to obtrude the Christian content of his life and message or to point to any halo of saintliness round his character. His greatest appeal was that of an ordinary, quite human person. Years ago when I joined this college as a student in the junior Intermediate class, I came with reports that I had heard previously about Mr. Chacko as a great saint. Through a college friend of mine who happened to be a relation of Mr. Chacko, I got introduced to him not long after my coming. I remember my first meeting with him in the balcony of the North East Hostel, now twenty three years ago, and something of the feeling and expectation with which I went to meet the saint. I missed the solemn tone, the superior air, the pious words that I had learned to look for in a saint. For the half-an-hour or so that I remained with him the conversation centred round such ordinary topics as my studies, games, home, friendships, etc. He made no attempt to preach or dole out good advice. He was just friendly, and genuinely so. I remember when I came away I felt I would like to go to him again. And when in my own case, as in that of countless others who have come under his influence, this genuine friendly interest began to reach down to the deeper levels of life, and became more and more associated with the so called spiritual problems, his concern for the common things of life never waned but only increased. The redemption of the commonplace which is a basic principle of Christianity was also the very genius of Mr. Chacko. Religion was the breath of his life, but it was his religion, unlike that of many who profess it, which made and kept him the simple natural human person he was. All things spoke to him of the loving, living God and his life often reminded one of the truth of Mrs. Browning's

words, “Earth is crammed with heaven and every common bush aflame with God.’’ And everything in life he approached with the mind of Christ, and of everything he was able to make, by God’s help, a sacrament of friendship with God and man. This, it seems to me, was the secret of his success and saintliness.

A deep reverence for the personalities of others characterised all his dealings with people. He never biased another’s judgement or relieved another of his responsibility. To the many friends who took their problems to him he never once suggested answers. Ever most willing and anxious to help, he was careful to restrict his help to advising them how to find the answer for themselves. Like the true leader he was he succeeded in drawing out the best in people and helped them to be themselves.

Coupled with this reverence for personality was his reverence for truth. His exactness in the use of language, his slowly weighed words so free of exaggeration were remarkable. It has been said of some great man in a different context that his was the sole voice among many echoes. This is eminently true of Mr. Chacko. In a world of too many empty words and hollow professions he rang true.

It is easy to dwell at great length on his many virtues and the many elements of his highly evolved Christian character; as for example his love which never let down nor let go others, his peace which the worst combination of human factors never ruffled, his patience which never gave way, his joy which kept welling up like a perennial spring no matter what befell him, his deep humility which to my knowledge was never provoked into resentment or an unloving judgement. One could dwell at length on these and other points in his character. But I shall now refrain from doing so. It is enough to refer to some more general considerations. There was a bigness and wholeness about him which reminded one of Jesus. He was able to combine to a remarkable degree many apparently conflicting qualities and to achieve a poise and richness and depth of character which is all too rare. Take for example the balancing in him of humility and dignity. He could be utterly humble without making himself cheap, and highly dignified without the trace of pride and presumption. He could without effort make the least of us at home with him, and at the same time attract and absorb those more highly placed whether intellectually or socially. Or again take his simplicity and his shrewdness. He has often reminded me of the Lord Jesus’ words 'Be ye innocent as doves and wise as serpents.' These terms may have varied shades of meaning and may therefore be misunderstood, but I have no doubt that in a very real sense Mr. Chacko was both innocent and wise. Those who have known him well could not have failed to notice that he was the one man who was not deceived by appearances or deflected from the exercise of charity by ordinary human considerations.

Or again let us turn to another happy blend in his character—that signified by two words, used in the Bible to describe Christ's character, I mean grace and truth. Our Lord was full of grace and truth and this humble servant of his reflected the same trait in great measure — grace standing for that whole set of qualities like love, affection, generosity, goodwill, mercy, and truth representing the sterner side of love.

Mr. Chacko's love was an 'affectionate interest in people', but there was nothing sentimental about it. He is the one leader I have known, in whose friendship people were quite safe. Possessiveness and favouritism which are the bane of ordinary friendship were absent from his. Someone has defined love as 'the identification with God's interest in others.' Mr. Chacko's was that. There was a sternness and an uncompromisingness in this meek and gentle friend which was unrelenting and at times almost frightening to those who stood close to him. He loved people in God and for God and on no other level and the blend of grace and truth in his character was, I have no doubt, one of his greatest achievements.

Another thing which has struck me was that while truly handling money and other material resources he was able to practise an almost perfect detachment from them. They never entered his heart nor coloured his reactions to men and affairs. He has left practically nothing behind which we can call his own. And yet he lacked nothing. This unafraid use of material gifts coupled with such perfect detachment one rarely finds where one has reason to expect them, even in lives committed to vows of poverty and service.

Yet another thing was his singular freedom from love of human applause. He really preferred to be behind the curtain. But we must remember that he was not a recluse, or one who hid his light under a bushel. He was one who pioneered a college and worked with men incessantly till his very last day on earth. How he steered completely clear of the least desire for fame, and the least failure to do his utmost, has often been a wonder to me, though he being what he was, I could very well understand how he did it.

Let me just refer to one more thing—his treatment of the body. While often people's interests and the interests of God's kingdom in general absorbed and filled his mind to the point of self-forgetfulness, he attended to the needs of his body with a sacredness and a care which he felt was due to 'the temple of the Holy Spirit'. He took pains to keep his body a fit vehicle of the Spirit. Well, these are some of the elements of a perfect life and a hallmark of real saintliness. I can go on enumerating others, but I must call a halt.

In the sphere of inner character the silent victories he has won and the achievements that stand to his credit are such as deserve to be known more widely and will, I am sure, continue to inspire other lives for years to come and be instrumental in leading many more to the source of all his greatness—Christ.

I shall leave untouched his achievements in the outer spheres of life—institutions and causes he laboured to shape and advance and on which he has left the imprint of his spirit. To him people mattered infinitely more than things, and the spirit more than the institutions that sought to embody and express it. As Baron Von Hugel has said about Christianity he "has taught us to care for people. Caring is the greatest thing, caring matters most". As one who has had the privilege, with many others, to know him intimately and to live and work for years at close quarters to him, as an old student of the College, and as a member of the Settlement, though I do not officially represent either of these, I pay my humble and respectful tribute to my late lamented master to whom I owe a debt of gratitude too deep for words. ◎



Article by
**Deacon K.C. Joseph** (Late Rev. K.C. Joseph)
in the Church Weekly dated October 19, 1947.

# K. C. CHACKO

## A TRIBUTE - BY A GRATEFUL DISCIPLE

It is with a sense of deep gratitude that I join other friends in paying this humble tribute to the dear departed Guru who while he lived never sought any honour for himself. Meek and gentle like his Master, Mr. K. C. Chacko was a true friend of all those "who longed to do God's will, yet stumbled continually.'' Graciously he gave of his very best to everyone; but always he seemed to be receiving. He considered himself a debtor to all for Christ's sake and laboured night and day as a messenger of peace to all those who laboured and were heavy–laden. He never rejected or ignored anyone who came to him with a need. I too was one among those who needed him. Having received so much from him, I wish I had words to give a fitting tribute to this great friend. But words fail where the reality is too great.

Till the moment when the last telephone from Trivandrum came, I was not prepared to think that Mr. Chacko might leave us so soon. His frail body had always been so much under the control of his indefatigable spirit that I sincerely believed that he would hold out for many more years. But it pleased God to take His servant away for needed service elsewhere.

Like many others who loved him, I have been trying, ever since his departure, to turn my thoughts away from him so as to be able to concentrate on the work which had to be done. But I cannot help going back again and again to some of the vivid impressions of his life. The picture of his coming out of the Warden's room in the North East Hostel night after night with folded hands and a kindly smile on his benign face to take roll-call, the occasion when he read to us at evening prayer in the hostel that comforting passage on "Casting all your care upon Him for He careth for you'', his solemn posture on the verandah outside the Warden's room on the first floor of the North East Hostel where he stood motionless for at least an hour every morning and evening meditating on the love of God, the spotlessly clean clothes that he always wore when he walked briskly to the College with an evident concentration on the things he had in his mind, the kindly graciousness with which lying on an easy chair he offered a seat near him to any student who came to meet him, the genuine joy he felt in all our joys and the echoing laughter which tripped up the pious ones who expected him to be always solemn and long faced, the patience and sympathy he showed in all things great and small–these and many, many, other things about him recur to one's mind again and again and refuse to be forgotten.

My mind is far too confused to analyse and describe the many–sided character and achievements of Mr. Chacko. But three things about him stand out so clearly that they cannot be missed. The first is his profound reverence for the personalities of others and his gracious courtesy to all. The second is his deep and unfailing loyalty to all who had anything to do with him; if you trusted him with any need in your life, you could be absolutely confident that he would stand by you to the very end. The third is his never-shaken confidence in the absolute sufficiency of Christ's love and resources in all circumstances.

Mr. Chacko lived, and moved, and had his being in God and to know him was to know God's love. The individuals, groups and families for whom he was the unobtrusive adviser are too many to mention. He hallowed everything he touched.

If the word success has any meaning, Mr. Chacko's life was a great success. He was always preoccupied with the Father's business and he passed on to the other side in the midst of this preoccupation. The fruits of his ministry we have only begun to see. The Union Christian College is only one of them. Mr. Chacko's life was like a pebble dropped on the motionless waters of a vast inland sea. It sank to the bottom and soon disappeared into the unseen depths. But the ripples, to which it gave rise expand on all sides in an unending succession of ever widening circles and reach the farthest shores gently shaking up everything on their way. Mr. Chacko lived in the most quiet manner possible and he has disappeared almost without notice; but the currents of true life that emanated from him shall go on even after he is forgotten.

Mr. Chacko's life was a life of sustained self–abnegation. His one desire when he met people was that he should decrease and Christ should increase in their lives. And his departure is a challenge to us to awake to our greater need of being more and more open to Christ's indwelling leadership.

It seems to me that Mr. Chacko belonged to the category of men to which St. Francis of Assissi belonged, and I shall close this tribute by applying to him words written about St. Francis by one of his many admirers. Adapting those words to suit the present purpose I would like to say, "Do not tell me that Mr. K.C Chacko has died. The spirit of change captured his body and buried it in a Church in Central Travancore, but it could not catch him. His spirit slipped through all the barriers that tried to imprison him. It broke through all the infirmities of his frail human body. And it emerged to be at the head of an invisible order, the order of those who can see his vision in its fullness. The memory of Mr. Chacko lives not in anything that he has written or in anything that might be written about him or even in any of the institutions he built up, but in the lives of the hundreds whom he taught how to live. He preached, not by words, but by his life, one of the most effective Christian sermons that have ever been preached, a sermon which will continue to work its gentle ferment and attain its design, because if in reading it we learn to love him, we must find ourselves loving also his Master and his Model–the Lord Jesus Christ." ◎

Dr. Annie David



# Sri K.C. Chacko: The Irresistible Influence

There are some people who make a conscious effort to create an impression on others; but the more they try, the less they are able to do it; spontaneous behavior usually attracts much more attention. The desire to attract attention is a form of pride; that is, you would like to be praised by everyone. It can also be a feeling of inferiority; when you compare yourself with another person, you may look less bright, and it hurts you to be so. There are certain others whose brightness or the lack of it would be noticed more by others, as they themselves have more important things to think about. An empty mind gets filled with worries and cares.

Sri K.C. Chacko was a person who always had a number of such important matters on his mind that he had no time to think about himself. Matters concerning himself never found a place in his mind so that the need to project himself never occurred to him. This precisely was the reason why others found him so approachable and so attractive. Being totally oblivious of it, he wielded an influence on whoever came into contact with him - a kind of influence which was almost irresistible.

Leading a God-centered life, a life of prayer and meditation, spending most of his waking time reading or thinking, reclining in a canvas chair, getting up only occasionally, listening much more to others than speaking: this is the kind of man he was, but his face had a radiance which no one failed to notice; it attracted people towards him. The more closely they got to know him the more deeply they were touched by his personality; it created long-lasting impressions upon their minds. Three quarters of a century after his death, there still are a handful of people, scattered across the globe, who continue to think of him with respect and affection. People who forget themselves are remembered for long by others.

Many of the projects that Sri K.C. Chacko dreamed about were carried out after his death by others who respected his views; his aspirations and ambitions didn't die with him. If a project lives on after the death of the person who initiated it, then it should mean that the man behind it was honoured highly by those who followed him; otherwise it would die with him.

Sri K.C. Chako dreamed about the Alwaye Fellowship House, but he did not live to see his dream materialize. It was after his death that some of his close friends got together to start it. The Fellowship House came into being, and lived on to give birth to Chacko Homes at an appropriate time. Sri Chacko continues to be the guiding spirit behind all this, three quarters of a century after his death. Such was the power of the influence that he wielded on those who followed him closely - people like Sri M. Thommen, Sri P.C. Kurien and Sri N.M. Abraham, all of whom have long since joined their mentor in that blessed state beyond the grave. ◎

Dr. Raju K. John





# Prof. K. C. Chacko's experiments with *the truth* and the Union Christian College Fellowship

The motto of Union Christian College, Aluva, is **'The truth shall make you free.'** One of the questions that frequently came up in my interactions with students, as Principal, was related to the motto of the College. They wanted to know the reason for using *'the truth'* instead of *'truth.'* Truth, they argue, can have only one version whereas a lie can have different versions and hence use of the article *the* is redundant. Prof. T. R. Anantharaman, a great scholar and a highly respected faculty member, had argued on similar lines at the time of adoption of the motto. Truth, as we know, might set one free, but very often it might bring hardships, incarceration and even death. Incarceration and death of John, the Baptist, is a case in point.

The College motto is taken from John 8: 31 - 32. *Then Jesus said to those Jews who believed Him, "If you abide in my word, you are my disciples indeed. And you shall know the truth, and the truth shall make you free."* The freedom Jesus spoke of doesn't come from just an academic pursuit of truth in general; but from abiding in His word and being His disciple. Prof. K. C. Chacko's life was a series of experiments to know *'the truth'* and to experience the freedom that comes out of it. The Fellowship that he founded which led to the establishment of the Union Christian College was one such experiment.

Prof. K. C. Chacko was a man of prayer. He believed that a true Christian must have a sure response to his prayer. The following verses from the New Testament formed the bases for that belief:

John 15:7 *"If you abide in me, and my words abide in you, you will ask what you desire, and it shall be done for you."*

John 16: 23 - 24 *"And in that day, you will ask me nothing. Most assuredly, I say to you, whatever you ask the Father in my name He will give you. Until now you have asked nothing in my name. Ask, and you will receive, that your joy may be full."*

Rom. 8: 32 *"He that spared not his own Son, but delivered him up for us all,*

*how shall he not with him also freely give us all things?"*

Most of the Christians cannot but doubt that there must be some catch somewhere in these promises. How else can the volume of unanswered prayers daily grow to vast magnitudes in the lives of most of us? Abiding in Jesus imparts to a Christian the spirit of Sonship. (Both women and men are included in the notion of divine sonship. In order to preserve the unique nature of Jesus's divine sonship, the Gospel of John reserves the word 'son' (huios ) for Jesus and employs a different word *tekna* while referring to believers as children of God. The word *tekna* is a gender-neutral word). Praying in Christ's name is also praying in the spirit of a child. By abiding in Christ the individual truly becomes a true child of God, the object of God's love and care.

K.C. Chacko's belief that a true Christian must have the experience of answer to prayer was a logical consequence of this oneness with Jesus and the spirit of sonship we acquire thereby. A child's prayer is not addressed to a void, but to the father. And how can a child's trust in a loving father of absolute power and wisdom grow if his trust in the father is betrayed and his prayers go without a positive response? Our trouble really is not that we ask too much but too little and that too in the spirit of a beggar or slave and not in the spirit of a son addressing God 'Abba, Father'.

Abiding in Jesus is not easy for any of us because of our inherent self-centredness, the enemy of our true self. The spirit of sonship can be preserved against our self-centredness through a promise given to us by our Lord. We may call this means of grace as the fellowship of two or three.

Mathew 18: 19 - 2O *"Again I say unto you, that if two of you shall agree on earth as touching anything that they shall ask, it shall be done for them of my Father which is in heaven. For where two or three are gathered together in my name, there am I in the midst of them."*

The point is that the twos and threes should come together in the name of Jesus, in the spirit of sonship imparted by Jesus, desiring his presence amidst them and seeking the will of the Heavenly Father above all else.

The promise given in St. Mathew 18: 19-20 is a promise to disciples who want the presence of the master above everything else, and none of us is more than a faint-hearted disciple at best. This is not a promise to isolated individuals but to a group who have been brought together, who are united by following in the way Christ pointed out, who are comrades and partners in the service of others. Being brought together in Christ's name does not mean merely meeting together or being inspired by mass emotion; it means coming to that unity of mind and spirit and purpose which only the intimacy and common experience of a small group can produce.

There is nothing, Christ tells us, which such a group cannot do. They have, as no other organisation can have, the power of God behind them.

While helping individuals to discover and discard any self - centred tendencies in their thinking and feeling, a fellowship stimulates and sustains the faith which alone leads to fruitful and effective action. Where individuals are apt to be weak or wavering or self - centred or one-sided, a fellowship so sustains and disciplines them as to make possible a truer discernment of God's will and a deeper appreciation of the power to fulfil it. But there are some pitfalls in the ways of the Fellowship.

Struggle for position of leadership and personal gain and popularity could destroy the Fellowship. Jesus himself was conscious of the weakness of his disciples at this point (who is greatest). Jesus was uncompromising on the need for real humility. Jesus went as far as to state unmistakably that belief itself becomes impossible for those who seek prestige and honour within the group (John 5: 44). As Jesus was leading the disciples to Jerusalem to his betrayal and humiliation, there was murmuring in the group and Jesus had to state the unmistakable law: **"How can you believe if you accept praise from one of another, yet make no effort to obtain the praise that comes form the only God?"** (John 5:44). Jesus concluded his ministry by an acted parable – washing the feet of the disciples and interpreting the core meaning of the acted parable (John 13: 1 - 17).

What should inspire us is that Prof. K. C. Chacko appropriated the promise behind this means of grace - the Fellowship in the times of crises and trying situations he had to face in life. In the face of a fatal disease, he founded the Union Christian College from scratch and attempted to bring unity to his church torn by rivalry and litigation.

Fellowship forms the basis of the institutions founded and inspired by him and hence neglect and misuse of the Fellowship would cause the fall and death of these institutions.

Ref: *Some Aspects of the Message of K.C. Chacko* by Prof. T.B. Thomas, *K. C. Chacko–The Man And His Message* published by Inter Church Fellowship, Union Christian College, Alwaye, November 1997. ◎



www.kitchentreasures.in

# നിങ്ങൾ ഉപയോഗിക്കുന്നത്
# തികച്ചും 100%
# മുളകുപൊടിയാണോ?

ഒന്നു ചിന്തിച്ചു നോക്കു.. നിറവും, സ്വാദും, മണവും മാത്രം ഒത്തുചേർന്നാൽ പരിശുദ്ധിയുടെ നിലവാരം അറിയാൻ പറ്റുമോ?

ലോകത്തിലെ ഏറ്റവും വലിയ മുളകുത്പാദന കമ്പനിയായ **Synthite** നിങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുന്നു കിച്ചൺ ട്രഷേർസ്, ശുദ്ധവും വിശ്വസിച്ചു തിരഞ്ഞെടുക്കാവുന്നതുമായ തികച്ചും 100% മുളകു പൊടി.

പതിനായിരമേക്കറിലധികം വരുന്ന കൃഷിഭൂമിയിൽ പ്രകൃതിദത്തമായി വളർത്തിയെടുത്ത് ഗുണനിലവാരം ഉറപ്പുവരുത്തി, ശാസ്ത്രീയമായി തരംതിരിച്ച് ശുദ്ധീകരിച്ചെടുത്ത 100% മുളകുപൊടി ഡി-സ്ടോണിംഗ്, സ്റ്റെറിലൈസേഷൻ തുടങ്ങിയ ഉത്പാദന പ്രക്രിയകളും, എരിവും മണവും കാത്തു സൂക്ഷിക്കുന്ന ട്രിപ്പിൾ ലേയർ ഫ്ളേവർ ലോക്ക് പാക്കിംഗും നിങ്ങൾക്കു പ്രദാനം ചെയ്യുന്നു മറ്റെന്തിനെക്കാളും മികച്ച രുചിയും നിറവും.

**HACCP, BRC, ISO 22000** എന്നിങ്ങനെയുള്ള അംഗീകാരങ്ങൾക്കു പുറമെ അന്താരാഷ്ട്ര വിപണിയിലെ സേവന പാരമ്പര്യവും, ലോകോത്തര ഗുണനിലവാരവും, കഴിഞ്ഞ 36 വർഷം തുടർച്ചയായി ലഭിച്ചു വരുന്ന സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യയുടെ ഏറ്റവും മികച്ച എക്സ്പോർട്ടർക്കുള്ള ബഹുമതിയും കിച്ചൺ ട്രഷേർസിന്റെ വിശ്വാസ്യതക്ക് സാക്ഷ്യപത്രങ്ങളാണ്.

രുചിയേറും വിഭവങ്ങൾ ആസ്വദിക്കൂ
നിങ്ങളുടെ കുടുംബത്തിനു നല്കു
കിച്ചൺ ട്രഷേർസിൻസിൻ
100% മുളകുപൊടി

WORLD'S LARGEST CHILLI COMPANY
Synthite






*Also available Coriander, Turmeric, Kashmiri Chilli, Mustard Seeds and Black Pepper.*

KITCHEN™ TREASURES | A world of 100%

M.G. Kuruvilla

# ACTUALLY WE DON'T KNOW...



Corona has taught us a lot of lessons - so do people say ! Some of the sayings are:

Corona is God's punishment... for man's extravagance, abuse of Nature, all kinds of misbehaviour, etc...

Nay... God is Love... He will not do so... this is man's creation... more specifically it is the Chinese invention for mass destruction...

Corona cannot travel beyond 3 feet... it cannot spread through the air...

But it has actually spread in almost 200 countries at lightning speed...

Corona cannot survive in heat... it will flourish in the cold... soap can kill it... mask can block it... sanitizer can deactivate it... Homeo can prevent it... a mixture of ginger, pepper and honey can drive it away... two shots of brandy with honey will be a better option... we don't know what is correct and what is not!!!

Even the WHO is groping in the dark... they make some statements just to make their presence known and to officialise what we already know...

As Corona started its deadly dance, we withdrew from the roads, we remained inside our houses, started wearing masks, "wearing mask" lost its negative meaning, we ate homely food, roadside food became forbidden fruit, we learned social distancing, we stopped shaking hands and hugging, we started avoiding functions, we learned to live without spending much (not to forget that we started earning less), we reduced our hospital visits... But actually we wonder whether this Corona was necessary at all to make all these changes?

With all the facts and fiction in circulation, we don't know the actuals about Corona! So is our perception of God!!

We think we know all about God... If it were so, there is no need for so many religions. All of us would have believed the same thing. There would have been no difference of opinions. Maybe we agree on one point... that God is the Creator. Then we introduced 'sin' to break away from God... and we looked upon Him with our human eyes and interpretations... we saw God as a cruel ruler who enjoys punishing us for our shortcomings... the gap between man and God widened; we made futile attempts to please God by killing living creatures as sacrifice. Then Jesus Christ came... He told us that God is our Father... that God is Love... that God is ready to sacrifice His Son to redeem us... We elaborate this and end up with the Last Judgment... We know the way to the promised Heaven... but alas, we don't know the right way to live here on this earth!

Let us now define God on the basis of our experiences... That is what King David has done in the Psalms... He underwent a lot of ups and downs in his relation with God... he looked at God from different angles... he summarised his views in the Psalms... St. Thomas put it briefly as "My Lord and My God!". He is the God who is with you always...

If we don't know much about the smallest Corona, how will we understand the greatest God? We don't want to have a personal experience of Corona... but we should have a personal relationship with God... we should feel God... we should taste God... who is near us... with us... within us... and around us. He is IMMANUEL - God with us! ◎

September 2020/Church Weekly/RNI No. 3216/1957
Registered No. KL/ALY/0029/2018-20
Licence No. KL/CR/ALU/WPP-01/2018-20
Licenced to Post Without Prepayment.

Price : Rs. 10/-
Vol.74
Issue 9
Date of Publication : 15/09/2020

with best compliments from

MRF TYRES

**Tyres with Muscle**

124, Greams Road, Chennai - 600 006

Printed by KURUVILLA M. GEORGE, published by KURUVILLA M. GEORGE on behalf of the Alwaye Fellowship House Association, Aluva – 683102 and printed at the Alwaye Press, Friendship House, Aluva – 683101 and published at the Alwaye Fellowship House, U.C. College P.O., Aluva - 683102. Editor: KURUVILLA M. GEORGE